# ചിന്ത

ജനവരി 2023 ₹ 10.00

# Chintha Pusthakavartha
# പുസ്തകവാർത്ത

## കേരളീയ സമൂഹം ഏറ്റവും കൂടുതൽ വായിച്ച പുസ്തകങ്ങൾ ചിന്തയിലൂടെ




പെണ്ണുങ്ങൾ




വെറുപ്പിന്റെ ശരീരശാസ്ത്രം




ഞാൻ എന്ന ജസ്റ്റിസ്




അവളിലേക്കുള്ള ദൂരം
സൂര്യയുടെ ജീവിത കഥ




ഹല്ലാ ബോൽ



# ജീവിതം ഓർമ്മ രാഷ്ട്രീയം

ഏറ്റവും പുതിയ കഥകൾ നോവലുകൾ പഠനങ്ങൾ ചരിത്രം ദർശനം...

ജനകീയ പ്രസാധനത്തിന്റെ

50 വർഷം

സുവർണ ജൂബിലി

(1973 - 2023)

# ചിന്ത പബ്ലിഷേഴ്സ്

## പുസ്തകപ്രസാധനത്തിൽ അനുകരിക്കാനാകാത്ത അടയാളങ്ങൾ

**മാർക്സിസ്റ്റ് ക്ലാസിക്കുകൾ**
ആധികാരികം സമഗ്രം

ലോകസാഹിത്യത്തിലെ
**200 ലധികം ക്ലാസിക്കുകളുടെ**
പുതിയ പരിഭാഷകൾ

**നോവൽ പഴമ**
19-ാം നൂറ്റാണ്ടിലെ
15 നോവലുകൾ ഒരുമിച്ച്
മലയാളത്തിലാദ്യമായി

**സ്കൂൾ പ്ലസ്**
അധികവായനയ്ക്കുള്ള
100 പുസ്തകങ്ങളുടെ
പരമ്പര

**വിജ്ഞാനവർഷം**
100 ലധികം വ്യത്യസ്ത വിഷയങ്ങൾ
നൂറിലധികം പുസ്തകങ്ങൾ

**സൈദ്ധാന്തിക പഠനങ്ങൾ**
സൈദ്ധാന്തിക വിഷയങ്ങളെ
പരിചയപ്പെടുത്തുന്ന
ലഘുഗ്രന്ഥപരമ്പര

**ഇ എം എസ് സമ്പൂർണ്ണ കൃതികൾ**

**ദർശനം രാഷ്ട്രീയം**

**നവകേരള ശിൽപികൾ**
കേരളത്തിന്റെ സാംസ്കാരിക
നവോത്ഥാന ചരിത്രം
രചിച്ചവരെക്കുറിച്ചുള്ള പുസ്തകങ്ങൾ

**ബാലസാഹിത്യം**
പ്രശസ്ത
ബാലസാഹിത്യകാരന്മാരുടെ
200 ലധികം രചനകൾ

**ലോകരാഷ്ട്രങ്ങൾ**
ലോകരാഷ്ട്രങ്ങളെ
പരിചയപ്പെടുത്തുന്ന
പുസ്തകപരമ്പര

**കഥ, കവിത, നോവൽ, ഓർമ്മ, ജീവിതം, അനുഭവം യാത്ര...**

**ചിന്ത പബ്ലിഷേഴ്സ്   ദേശാഭിമാനി ബുക്ക്ഹൗസ്**

എ കെ ജി സെന്ററിനുസമീപം, കുന്നുകുഴി, തിരുവനന്തപുരം, ഫോൺ: 0471 2303026




**മലയാളത്തിലെ ഈടുറ്റ ഗ്രന്ഥങ്ങളുമായി ചിന്ത പബ്ലിഷേഴ്സ്**

ചിന്തയ്ക്കൊപ്പം
ചിന്തിക്കൂ

## ഉള്ളടക്കം


06 തീക്ഷ്ണ രാഷ്ട്രീയവും നർമ പന്ഥാവും
കോടിയേരി ബാലകൃഷ്ണൻ

10 ഭരണഘടനയുടെ കാവലാൾ
തീസ്ത സെതൽവാദ്

12 ഞാൻ എന്ന ജസ്റ്റിസ്
ജസ്റ്റിസ് കെ ചന്ദ്രു

14 അവളിലേക്കുള്ള ദൂരം
ട്രാൻസ്ജന്റർ സൂര്യയുടെ ജീവിതകഥ
ഡോ. രശ്മി അനിൽകുമാർ

18 ജംഗിൾ ബുക്ക്
റുഡ്യാർഡ് കിപ്ലിങ്

20 ചിന്ത പബ്ലിഷേഴ്സ് കേരളത്തിലെ മുൻനിര പ്രസാധക സംഘം
എം വി ഗോവിന്ദൻ മാസ്റ്റർ

25 ഇ എം എസ് അടയാളങ്ങൾ


പുസ്തകപ്രസാധനത്തിൽ
അനുകരിക്കാനാകാത്ത
**അടയാളങ്ങൾ**

# ചിന്ത പുസ്തകവാർത്ത


പുസ്തകം 26 • ലക്കം 1 • ജനവരി 2023




ടീസ്ത സെതൽവാദ്

“ഇരയാക്കപ്പെടുന്നു എന്ന തോന്നൽ ഞാൻ ആരോടും പ്രദർശിപ്പിച്ച് നടക്കാറില്ല. അതെന്റെ സ്വഭാവമല്ല. എന്നാൽ അന്ന് രാവിലെ ഞാൻ കോടതിമുറിയിലേക്ക് പോവുമ്പോൾ എനിക്കെതിരെയുള്ള ഭരണകൂടത്തിന്റെ പ്രതികാരം വിഷലിപ്തമായതാണെന്ന് തോന്നി. ഏത് വിധേനയും എന്നെ തടവിലാക്കുന്നതിനുള്ള സർക്കാരിന്റെ ലക്ഷ്യമാണ് വെളിവായത്.”

“1983 മുതൽ 1988 വരെ അഞ്ച് വർഷക്കാലം ഞാൻ പദവിയിൽ ഉണ്ടായിരുന്നപ്പോൾ, അച്ചടക്ക നടപടി കമ്മറ്റിയിലും നിയമപരിഷ്കരണ കമ്മിറ്റിയിലും ഞാൻ അംഗത്വം വഹിച്ചു. ബാർ കൗൺസിലിന് വേണ്ടി ഞാൻ തയ്യാറാക്കിയ അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് നിയമ ബിൽ സർക്കാരിന് കൊടുത്ത് നിയമമാക്കപ്പെട്ടു.”



ജസ്റ്റിസ് കെ ചന്ദ്രു



സൂര്യ ഇഷാൻ

“സ്ത്രീ - പുരുഷ സുഖം, ലിംഗ - യോനീ സംയോഗം എന്റെ ലക്ഷ്യമായിരുന്നില്ല. എന്റെ ശരീരത്തിലുള്ള ലിംഗം എനിക്കൊരു ബാധ്യതയായിരുന്നു. അതിനെ ഉപയോഗിച്ചുകൊണ്ട് സുഖം നേടണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നില്ല. എനിക്ക് അത് കളയണമായിരുന്നു. എന്നെന്നേയ്ക്കുമായി കളയണമായിരുന്നു. എനിക്കൊരു സ്ത്രീയായി മാറണം.”


**ചിന്ത പബ്ലിഷേഴ്സ്**
എ കെ ജി സെന്ററിനു സമീപം,
വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ,
തിരുവനന്തപുരം - 695035 (p) 0471 2303026
(e) chinthapublishers@gmail.com
(w) www.chinthapublishers.com

## എഡിറ്റോറിയൽ


# ചിന്ത @ 50

**കേ**രളത്തിലെ പുസ്തകപ്രസാധന രംഗത്തേക്ക് ചിന്ത കടന്നുവന്നിട്ട് അര നൂറ്റാണ്ടു തികഞ്ഞിരിരുന്നു. 50 വർഷങ്ങൾ നീണ്ട ഒരു കാലയളവാണ്, എല്ലാ അർത്ഥത്തിലും. ഇക്കാലയളവിനിടയിൽ നമ്മുടെ നാടും പുറം ലോകവുമെല്ലാം പാടെ മാറിത്തീർന്നിട്ടുണ്ട്. സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളും സാങ്കേതിക വിദ്യയുടെ ലോകവുമെല്ലാം തിരിച്ചറിയാനാവാത്ത വിധം മാറിയ നാളുകൾ. ഈ മാറ്റങ്ങളെ മനസിലാക്കുന്നതിനാവശ്യമായ പഠന സാമഗ്രികൾ ജനങ്ങളുടെ മുന്നിലെത്തിക്കുക എന്നതായിരുന്നു എക്കാലവും ചിന്തയുടെ പ്രധാന ദൗത്യം. ഇടതുപക്ഷ ചിന്തകളുടെ വെളിച്ചത്തിൽ ഈ നാട്ടിലെ മനുഷ്യരുടെ ജീവൽ പ്രശ്നങ്ങൾ മനസിലാക്കുകയും പങ്കുവെക്കുകയും ചെയ്യുക എന്നതായിരുന്നു ചിന്തയുടെ ലക്ഷ്യം. ഇ എം എസ്സിനെപ്പോലുള്ള അതികായന്മാർ തുടങ്ങി വെച്ച ഈ ദൗത്യം ഇന്നും കൂടുതൽ വെല്ലുവിളികളുടെ നടുവിൽ നിന്നുകൊണ്ട് ചിന്ത തുടരുകയാണ്.

അക്ഷരങ്ങളോരോന്നും പെറുക്കി വെച്ച് മഷി പുരട്ടി നടത്തിയിരുന്ന അച്ചടി ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വരവോടെ സമ്പൂർണമായും മാറി. വലിയ ഓഫ്സെറ്റ് മെഷീനുകളിൽ ആയിരക്കണക്കിന് കോപ്പികൾ അച്ചടിച്ചിരുന്ന രീതിയെ പി ഓ ഡി പ്രിന്റിങ് സാങ്കേതികത മാറ്റിമറിച്ചു. ആവശ്യമനുസരിച്ച് ചെറിയ ലോട്ടുകൾ പ്രിന്റ് ചെയാമെന്ന നില വന്നു. പുസ്തകം ഇറങ്ങുന്ന മാത്രയിൽ തന്നെ അത് ഓൺലൈനിൽ ലഭ്യമാകുന്ന രീതിയിലേക്ക് വിതരണവും മാറി. സാങ്കേതിക വിദ്യകളുടെ വികാസം മറ്റു പല മേഖലകളിലും വലിയ കേന്ദ്രീകരണത്തിലേക്ക് വഴിതെളിച്ചപ്പോൾ പുസ്തകപ്രസാധന രംഗത്ത് അത് വികേന്ദ്രീകരണത്തിന്റെ വാതായനങ്ങൾ തുറക്കുകയാണ് ചെയ്തത്. ആർക്കുവേണമെങ്കിലും സ്വന്തമായി പുസ്തകമെഴുതുക മാത്രമല്ല കുറഞ്ഞ കോപ്പികൾ അച്ചടിക്കാനും ഓൺലൈനിലൂടെ വിതരണം ചെയ്യാനും കഴിയുമെന്ന നിലയിലേക്ക് കാര്യങ്ങൾ മാറി. എഴുത്തുകാരനും വായനക്കാരനുമിടയ്ക്കുള്ള ഒരിടനിലക്കാരന്റെ ആവശ്യകത ഇത് ഇല്ലാതാക്കി. ഉള്ളടക്കത്തെ ഗൗരവമായി കാണുന്ന, അതിനനുസൃതമായി പുസ്തകങ്ങൾ പ്ലാൻ ചെയ്തിറക്കുന്ന പ്രസാധകർക്ക് മാത്രമേ സ്ഥാനമുള്ളൂ എന്ന നില വന്നു.

ഈ മാറ്റങ്ങളെല്ലാം സമയാസമയങ്ങളിൽ ഏറെക്കുറെ ഉൾക്കൊണ്ട് പോകാൻ ചിന്തയ്ക്കു കഴിഞ്ഞിട്ടുണ്ട് എന്നാണ് ഞങ്ങളുടെ വിശ്വാസം. നീണ്ട അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ കാലത്തിന്റെ വെല്ലുവിളികൾ ചിന്ത ഏറ്റെടുക്കുകയാണ്.രാഷ്ട്രീയ സാമൂഹിക സാങ്കേതിക മണ്ഡലങ്ങളെ സ്ഥൂല തലത്തിലും സൂക്ഷ്മ തലത്തിലും സൈദ്ധാന്തികമായി മനസിലാക്കുകയും പ്രായോഗിക രാഷ്ട്രീയ പ്രവർത്തങ്ങളുമായി അതിനെ കണ്ണി ചേർക്കുന്നതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സഹായകമായി നിലകൊള്ളുകയും ചെയുക എന്ന ദൗത്യത്തെ പൂർണ്ണ അർത്ഥത്തിൽ സാക്ഷാത്ക്കരിക്കാൻ ഈ സുവർണജൂബിലി വർഷത്തിൽ സാധിക്കുമെന്ന് കേരളീയ സമൂഹത്തിന് ഞങ്ങൾ ഉറപ്പു നൽകുന്നു.

# സിനിമ: കാഴ്ചപ്പാടുകൾ, നിരീക്ഷണങ്ങൾ, വിശകലനങ്ങൾ





₹150

**മലയാള സിനിമ**
**ആശയവും ആഖ്യാനവും**
എതിരൻ കതിരവൻ





₹300

**സിനിമയുടെ**
**ഭാവനാദേശങ്ങൾ**
സി എസ് വെങ്കിടേശ്വരൻ





₹390

**സ്വയംവരം**
സമാഹരണം: എ ചന്ദ്രശേഖർ,
ഗിരീഷ് ബാലകൃഷ്ണൻ




₹240

**സത്യജിത് റായ്**
സി വി രമേശൻ





₹220

**അടൂരിന്റെ**
**ചലച്ചിത്ര യാത്രകൾ**
എം എഫ് തോമസ്




₹270

**വിശ്വാസപൂർവ്വം**
**മൻസൂർ**
പി ടി കുഞ്ഞുമുഹമ്മദ്




₹125

**ഡീപ്പ് ഫോക്കസ്**
സത്യജിത് റേ




₹300

**ഇന്ത്യൻ സിനിമയുടെ**
**100 വർഷങ്ങൾ**
വിജയകൃഷ്ണൻ




ഓർമ്മ/
ജീവിതം

**പൊന്നരിവാൾ**
**അമ്പിളിയിൽ**

**രാജീവ് പുലിയൂർ**

₹430




**വാക്കുകൾ**
**കേൾക്കാൻ**
**ഒരു കാലം വരും**

**മധുപാൽ**

₹220



ജീവിതം

# തീക്ഷ്ണ രാഷ്ട്രീയവും നർമ പന്ഥാവും

**കോടിയേരി ബാലകൃഷ്ണൻ**

**പാ**ർലമെന്റും നിയമസഭയും പന്നിക്കൂട്ടം, അവ ബഹിഷ്കരിക്കുക ഇതൊരു മുദ്രാവാക്യമായി കേരളത്തിന്റെ അന്തരീക്ഷത്തിൽ പടർന്ന കാലത്ത് ഞാനൊരു വിദ്യാർത്ഥിയായിരുന്നു. നക്സൽബാരി കലാപത്തെ തുടർന്നായിരുന്നു ആ മുദ്രാവാക്യത്തിന് ഇടം കിട്ടിയത്. എന്നാൽ ഈ ആശയം റഷ്യൻ വിപ്ലവത്തിന് മുമ്പ് ഉയരുകയും മഹാനായ ലെനിൻ തന്നെ അത് നിരാകരിക്കുകയും ചെയ്തിരുന്നു. വിപ്ലവശക്തിയെ വളർത്താനും ജനങ്ങളിൽ സ്വാധീനം വർദ്ധിപ്പിക്കാനും പാർലമെന്റുകളെ വിപ്ലവകരമായ പ്രവർത്തനത്തിനായി എങ്ങനെ ഉപയോഗിക്കാമെന്നും എങ്ങനെ ഇടപെടണമെന്നും ലെനിൻ പഠിപ്പിച്ചു. ആ പാതയിലൂടെ മുന്നേറി ലോകത്തിന് തന്നെ പുതിയ അനുഭവമാണ് ഒന്നാം ഇ എം എസ് സർക്കാർ പ്രദാനം ചെയ്തത്. ബാലറ്റിലൂടെ കമ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്ന് കേരളം ഇന്ത്യക്കും ലോകത്തിനും നല്ല മാതൃകയായി. പരിമിതികൾ ഏറെയുണ്ടായെങ്കിലും സംസ്ഥാന

ത്തെ ഭരണത്തെ നാടിന്റെ മാറ്റത്തിനും പുരോഗതിക്കും അടിമ സമാന ജീവിതം നയിച്ചവർക്ക് പുതുജീവൻ നൽകാനും പ്രയോജനപ്പെടുത്തി.

പാർലമെന്റിൽ എ കെ ജിയും നിയമസഭയിൽ ഇ എം എസ്സും ഉൾപ്പെടെയുള്ള വിപ്ലവകാരികൾ ഒരു കാര്യം തെളിയിച്ചു; പന്നിക്കൂട്ടമെന്ന് ഒരു വിഭാഗം വിശേഷിപ്പിച്ച പാർലമെന്റിനെയും നിയമസഭയെയും വിപ്ലവപ്രവർത്തനത്തെ ശക്തിപ്പെടുത്താനുള്ള ഉപകരണമാക്കി എങ്ങനെ മാറ്റാമെന്ന്. അതുകൊണ്ട് തന്നെ നക്സലുകൾ ഉയർത്തിയ ആ മുദ്രാവാക്യം അതിവിപ്ലവവും അരാജകത്വവുമെന്ന് കണ്ട് നാട് തള്ളി. ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്ത് കെ എസ് എഫ് പ്രവർത്തകനായി. മാഹി മഹാത്മാഗാന്ധി കോളേജിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും ആയിരുന്നു തുടർവിദ്യാഭ്യാസം. അന്ന് നക്സൽ ആശയഗതി വിദ്യാർത്ഥികളിൽ വേരുപിടിപ്പിക്കാൻ കൊണ്ടുപിടിച്ച പരിശ്രമങ്ങൾ ഉണ്ടായിരുന്നു. അതിനെതിരായ ആശയപ്രചാരണങ്ങളിൽ ഞാനുൾപ്പെടെയുള്ളവർ അണിനിരന്നു. ഒരു സാധാരണ വിദ്യാർത്ഥിയിൽനിന്നും വിപ്ലവസംഘടനാപ്രവർത്തകനായ വിദ്യാർത്ഥിയായി ഹൈസ്കൂൾ പഠനകാലത്തുതന്നെ മാറാൻ എന്നെ പ്രാപ്തനാക്കിയത് തലശ്ശേരിയുടെയും കണ്ണൂരിന്റെയും ചുവന്ന മണ്ണാണ്. പിന്നീട് എസ് എഫ് ഐയുടെ സംസ്ഥാന-ദേശീയ സംഘടനാ ചുമതലകൾ നിർവ്വഹിച്ചു. എസ് എഫ് ഐയുടെ സംസ്ഥാന സെക്രട്ടറിയായിരിക്കുമ്പോഴാണ് അടിയന്തരാവസ്ഥയിൽ മിസ ഉപയോഗിച്ച് അറസ്റ്റുചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചത്. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് ശേഷം ഡി വൈ എഫ് ഐയുടെ ജില്ലാ ഭാരവാഹിയായും സി പി ഐ (എം) ന്റെ പൂർണസമയ സംഘടനാ പ്രവർത്തകനുമായി. ഈ വേളയിലാണ് 1982 ൽ തലശ്ശേരിയിൽ നിന്ന് നിയമസഭയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെടുന്നത്.

ഏറെ സംഭവബഹുലമായ 1982-87 ലെ ഏഴാം കേരള നിയമസഭയിലേക്കാണ് ആദ്യമായി എത്തിയത്. പിന്നീട് നാല് തവണയായി നിയമസഭാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പ്രതിപക്ഷത്തും ട്രഷറി ബഞ്ചിലും പ്രവർത്തിച്ച അനുഭവമുണ്ട്. ഈ കാലഘട്ടങ്ങളിലെല്ലാം ഇ എം എസ് ഉൾപ്പെടെയുള്ള നേതാക്കളുടെ ഓർമപ്പെടുത്തൽ ഞാനുൾപ്പെടെയുള്ള പാർലമെന്ററി പ്രവർത്തനത്തിലേർപ്പെട്ട കമ്യൂണിസ്റ്റുകാരെ ജാഗ്രതപ്പെടുത്തി. പാർലമെന്റിലും നിയമസഭയിലും എത്തുന്ന കമ്യൂണിസ്റ്റുകാർ അവയിൽ പങ്കാളികളാകുമ്പോൾ അന്യവർഗ്ഗത്തിന്റെ ദൂഷിപ്പിക്കുന്ന സ്വാധീനത്തിൽ അകപ്പെടരുത് എന്ന ഓർമപ്പെടുത്തലാണ് ഇ എം എസ്സും മറ്റും നൽകിയത്. അപ്രകാരം ദൂഷിച്ച സ്വാധീനത്തിൽ അകപ്പെടാതിരുന്നതു കൊണ്ടാണ് നിയമസഭയിൽ ശത്രുപക്ഷത്തിനെതിരെ അതിശക്തമായി സംസാരിക്കാനും പോരാടാനും ഞാനുൾപ്പെടെയുള്ളവർക്ക് കഴിഞ്ഞത്.

മാർക്സിസം സാമൂഹ്യമാറ്റത്തിന്റെ തത്വശാസ്ത്രമാണ്. അത് നമ്മൾ പഠിക്കുക മാത്രമല്ല, ജനങ്ങളെ അവരുടെ ഭാഷയിൽ പഠിപ്പിക്കുകയും വേണം. അതിന് ഇണങ്ങുന്ന പ്രസംഗശൈലി സ്വീകരിക്കണം. മുഖ്യമന്ത്രിയായ ശേഷം സ. ഇ കെ നായനാർ സ്വീകരിച്ച നർമം ചാലിച്ച പ്രസംഗശൈലി വലിയ സ്വീകാര്യത നേടി. എ കെ ജിയുടെയും ഇ എം എസിന്റെയും ഒക്കെ പ്രസംഗങ്ങളിൽ നർമം കലർന്നുവരാറുണ്ട്. നിയമസഭയിലാകട്ടെ പാട്യം ഗോപാലന്റെ പ്രസംഗരീതി മാതൃകാപരമായിരുന്നു. പറയേണ്ട കാര്യങ്ങൾ നന്നായി പഠിച്ചുറപ്പിച്ച് അവതരിപ്പിക്കുന്ന രീതിയാണ് പാട്യത്തിനുണ്ടായിരുന്നത്. അതുപോലുള്ള സാമാജികരുടെ പ്രസംഗങ്ങൾ നിയമസഭാ ലൈബ്രറിയിൽനിന്ന് വായിച്ചുമനസ്സിലാക്കി. ഇതെല്ലാം




എന്റെ പാർലമെന്ററി പ്രവർത്തനത്തെ സ്വാധീനിച്ചിട്ടുണ്ട്.

നർമം കലർത്തി പ്രസംഗിക്കാൻ കഴിഞ്ഞതെന്തുകൊണ്ടെന്ന് ചില പത്രലേഖകർ ചോദിക്കാറുണ്ട്. അതേപ്പറ്റി പ്രത്യേകപരിശോധനയും വിലയിരുത്തലും ഞാൻ നടത്തിയിട്ടില്ല. തലശ്ശേരിയിലെ കോടിയേരിയിൽ സ്കൂൾ അധ്യാപകനായിരുന്ന കുഞ്ഞുണ്ണിക്കുറുപ്പും നാരായണി അമ്മയുമായിരുന്നു എന്റെ മാതാപിതാക്കൾ. അച്ഛന്റെ മരണശേഷം അമ്മയാണ് എന്നെ വളർത്തിയത്. അമ്മയുടെയും നാട്ടുകാരുടെയും അധ്യാപകരുടെയും വർത്തമാനങ്ങളുടെ സ്വാധീനം എന്റെ പ്രസംഗങ്ങളിൽ കടന്നുകൂടിയിട്ടുണ്ടാകാം. നിയമസഭാ ലൈബ്രറി ഉപയോഗപ്പെടുത്തി മുൻ സാമാജികരുടെ പ്രസംഗങ്ങൾ മനസ്സിലാക്കിയതും പ്രസംഗത്തിന് മുമ്പ് രസക്കൂട്ടുകൾ തയാറാക്കിയതും പ്രസംഗം മറ്റുള്ളവർ ശ്രദ്ധിക്കാനിടയാക്കി. എന്റെ നിയമസഭാ പ്രവർത്തനങ്ങളിലും മറ്റ് രാഷ്ട്രീയ പ്രവർത്തനങ്ങളിലും എനിക്ക് ശരിയും ഊർജ്ജവും പകരുന്നതിൽ തലശ്ശേരി എം എൽ എയായിരുന്ന രാജുമാസ്റ്ററുടെ പങ്ക് ചെറുതല്ല. അതുപോലെ രാജുമാസ്റ്ററുടെ മകളും എന്റെ ഭാര്യയുമായ

വിനോദിനിയുടെ തുണയും നിർണായക ഘട്ടങ്ങളിൽ ചാഞ്ചാട്ടമില്ലാതെ കൂടെ നിൽക്കുന്ന വർഗ്ഗ സ്വഭാവവും എന്റെ പൊതുപ്രവർത്തനത്തിന് കരുത്താണ്. എന്റെ ഓരോ പ്രസംഗങ്ങളിലുമുള്ള കാര്യങ്ങളെ പ്രോൽസാഹിപ്പിച്ചും വിമർശിച്ചും വിനോദിനി നടത്തിയ ഇടപെടലുകൾ എനിക്ക് പല കാര്യങ്ങളും വിലയിരുത്താൻ സഹായകമായിട്ടുണ്ട്.

നിയമസഭയിൽ ആദ്യമെത്തുമ്പോൾ ട്രഷറി ബെഞ്ചിൽ കെ കരുണാകരൻ പ്രതാപിയായ മുഖ്യമന്ത്രിയാണ്. അതൊരു പ്രത്യേകകാലമായിരുന്നു. പതിനൊന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷം 1980 ൽ ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വന്നു. പക്ഷേ, രണ്ടുവർഷത്തിനുള്ളിൽ ആ സർക്കാരിനെ വീഴ്ത്തി. നാല് മുതൽ ആറുവരെയുള്ള കേരള നിയമസഭകളുടെ കാലത്ത് നാട്ടിലെ വീറുറ്റ പോരാട്ടങ്ങളിലെ ചോരയും നീരും ഉൾക്കൊണ്ടുകൊണ്ടാണ് ഞാനുൾപ്പെടെയുള്ള കമ്യൂണിസ്റ്റുകാർ നിയമസഭയുടെ പടി കയറുന്നത്. നാലാം കേരള നിയമസഭയുടെ കാലത്ത്, 1970 ഒക്ടോബർ മുതൽ 1977 മാർച്ച് വരെയുള്ള നാളുകളിൽ നാടിനെ ഇളക്കി മറിച്ച ബഹുജനസമരങ്ങളും പിന്നീട് അടിയന്തരാവസ്ഥയുമായിരുന്നു. അടിയന്തരാവസ്ഥയിൽ കണ്ണൂർ സെൻട്രൽ ജയിലിൽ മിസ തടവുകാരനായി കഴിഞ്ഞതിനെ പറ്റി സൂചിപ്പിച്ചല്ലോ. എന്നിലെ രാഷ്ട്രീയ പ്രവർത്തകനെയും പ്രസംഗകനെയും രൂപപ്പെടുത്തുന്നതിൽ ജയിൽ വാസം വലിയ പങ്കുവഹിച്ചു. ഹിന്ദി പഠിക്കാനും പുസ്തകവായനയ്ക്ക് കൂടുതൽ സമയം മാറ്റാനും ജയിൽ ജീവിതം അവസരമായി.

(പുസ്തകത്തിൽനിന്ന്)


# കോടിയേരി എന്ന രാഷ്ട്രീയമനുഷ്യൻ

₹220

## ഡോ. പി എസ് ശ്രീകല

കൊളോണിയൽ ഭരണകൂടത്തിനും ജന്മിത്വ ചൂഷണത്തിനുമെതിരെ നടന്ന തീക്ഷ്ണ പോരാട്ടങ്ങളിൽ ഉരുകി ഉറച്ചതാണ് കണ്ണൂരിലെ രാഷ്ട്രീയം. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന് എക്കാലവും ആവേശം പകരുന്നതാണ് കണ്ണൂരിന്റെയും ഉത്തര മലബാറിന്റെയും ധീര ചരിത്രം. എണ്ണമറ്റ ഉജ്ജ്വല രാഷ്ട്രീയ വ്യക്തിത്വങ്ങൾക്ക് ഇവിടം ജന്മമേകിയതിനും കാരണം ഇത് തന്നെയാകും. ആ മഹാരഥന്മാരുടെ നിരയിലെ സമകാലിക കണ്ണിയായി വേണം സഖാവ് കോടിയേരി ബാലകൃഷ്ണനെയും നാം അടയാളപ്പെടുത്താൻ. കേരളീയ രാഷ്ട്രീയത്തിലെ ഏറ്റവും സൗമ്യവും ദീപ്തവുമായ ആ വ്യക്തിത്വത്തിന്റെ ജീവിതപരിസരങ്ങളെയും അത് രൂപപ്പെടുത്തിയ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെയും ലളിതമായി അടയാളപ്പെടുത്തുകയാണ് ഈ പുസ്തകം.







# സംവരണവും ഭരണഘടനയും

₹210

## എസ് ആർ നന്ദകുമാർ

ഇന്ത്യൻ ഭരണഘടനയിലെ സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ വിശകലനത്തെ അവതരിപ്പിക്കുന്ന ഗ്രന്ഥം. സംവരണത്തെ അനുകൂലിച്ചും എതിർത്തും ഉയർത്തപ്പെട്ട വാദമുഖങ്ങൾക്ക് ഈ പുസ്തകത്തിൽ ഇടമുണ്ട്. സംവരണത്തിന്റെ ചരിത്രവും വർത്തമാനവും മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരാൾക്ക് വേണ്ടത്ര വിവരണങ്ങളും വിശകലനങ്ങളും നല്കുന്ന ഗ്രന്ഥം


# നോവൽ: മാറുന്ന ഭാവനാഭൂപടങ്ങൾ



₹340
**പെണ്ണുങ്ങൾ**
ബി എം സുഹറ




₹250
**അബ്രാഹ്മണൻ**
കെ ടി ഗട്ടി



₹240
**കുടിയേറ്റം**
തോപ്പിൽ മുഹമ്മദ് മീരാൻ




₹200
**ആലവായൻ**
പെരുമാൾ മുരുകൻ



₹210
**മഞ്ഞക്കുട ചൂടിയ പെൺകുട്ടി**
ഉദയപ്രകാശ്



₹150
**ജക്കരന്ത**
മോബിൻ മോഹൻ



₹220
**തേവാരം**
പെരുമ്പടവം ശ്രീധരൻ



₹220
**സ്മൃതി**
പെരുമ്പടവം ശ്രീധരൻ




₹280
**വർത്തമാനം**
ബി എം സുഹറ




₹240
**കമൽഹാസൻ അഭിനയിക്കാതെ പോയ ഒരു സിനിമ**
സതീഷ് ബാബു പയ്യന്നൂർ


## ക്ലാസിക് കൃതികൾ



₹120
**കിഴവനും കടലും**
ഏണസ്റ്റ് ഹെമിങ്വേ



₹260
**പീറ്റേഴ്സ്ബർഗ്**
ആന്ദ്രേ ബേലി




₹180
**അളവുകളും തൂക്കങ്ങളും**
ജോസഫ് റോത്ത്



₹150
**അപരിചിതൻ**
അൽബേർ കാമു



₹170
**മുപ്പത്തിയൊമ്പത് പടവുകൾ**
ജോൺ ബ്യൂക്കൺ




₹140
**പുഷ്കിന്റെ കഥകൾ**
പരിഭാഷ:
കെ ആർ മല്ലിക



₹140
**ഐറിഷ് കഥകൾ**
പരിഭാഷ: ഡോ. എഴുമറ്റൂർ രാജരാജവർമ്മ



₹160
**ഫിന്നിഷ് വിശ്വകഥകൾ**
പുന: സലാം എലിക്കോട്ടിൽ



₹110
**തെരഞ്ഞെടുത്ത കഥകൾ**
എഡ്ഗാർ അല്ലൻ പോ



₹180
**ശമനരാവ്**
പരിഭാഷ:
ശരത് മണ്ണൂർ



ഓർമ്മ/ രാഷ്ട്രീയം

# ഭരണഘടനയുടെ കാവലാൾ

## തീസ്ത സെതൽവാദ്

രണ്ടായിരത്തി പതിനഞ്ച് ജൂലൈ 24 ന്, മുംബൈ സി ബി ഐ കോടതി മുൻപാകെ ഞാൻ ഹാജരാകേണ്ട ദിവസം എനിക്ക് ഒരു മുന്നറിയിപ്പ് ലഭിച്ചു. ആപൽ സാദ്ധ്യതകൾ ഞാൻ കൃത്യമായി മനസ്സിലാക്കി: ഭരണകൂടത്തിന്റെ ഊക്കും എന്നോടുള്ള വെറുപ്പും. ഞാൻ കുട്ടിലാക്കപ്പെടുന്നു. വെറുപ്പിന്റെ പ്രത്യയശാസ്ത്രത്താൽ നയിക്കപ്പെടുന്നവരുടെ കീഴിൽ തടവിലാക്കപ്പെട്ട് എനിക്ക് ജയിലിൽ പോകാം. സി ബി ഐയുടേയും കോടതികളുടേയും മനോഭാവം വച്ചുനോക്കുകയാണെങ്കിൽ മുൻകൂർ ജാമ്യം ലഭിക്കുകയെന്നത് ദുഷ്കരമായിരുന്നു.

കഴിഞ്ഞുപോയ പത്ത് ദിനങ്ങൾ ഉദ്വേഗജനകങ്ങളായിരുന്നു. ജൂലൈ 14,15 തീയതികളിൽ എന്റെ വീട്ടിലും ആപ്പീസിലും എനിക്ക് മാനഹാനിയുണ്ടാക്കുന്നതിന് വിചിത്രവും പ്രതികാരജനകവുമായ രീതിയിൽ സിബി ഐ റെയ്ഡുകൾ നടത്തി. ഈ ഏജൻസി നേരിട്ട് പ്രധാനമന്ത്രിയുടെ ആഫീസിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നെ ഉപദ്രവിക്കുന്നതിനും ഒരു കൈയേറ്റ ശ്രമത്തിലൂടെ എന്നെ നിശ്ശബ്ദയാക്കുന്നതിനുംവേണ്ടിയുള്ള ശ്രമമായിരുന്നു ഇതെല്ലാം. ഈ റെയ്ഡുകൾക്ക് ദേശീയതലത്തിലും അന്തർദ്ദേശീയതലത്തിലും മാധ്യമ ശ്രദ്ധ ലഭിക്കുകയുണ്ടായി. മാധ്യമങ്ങൾ റെയ്ഡുകൾക്ക് പിറകിലുള്ള ഉദ്ദേശ്യങ്ങളെപ്പറ്റി അത്ഭുതം രേഖപ്പെടുത്തി. സാക്കിയ ജാഫ്രി കേസിന്റെ ക്രിമിനൽ പുന പരിശോധന ആവശ്യവുമായി ബന്ധപ്പെട്ടാണോ ഇത്? അന്വേഷണ ഏജൻസിയായ എസ് ഐ റ്റിക്കെതിരെ തന്റെ എതിർപരാതി തള്ളിയതുമായി ബന്ധപ്പെട്ട് (26 ഡിസംബർ 2014) സാക്കിയ ജാഫ്രി അപ്പീൽ ഫയൽ ചെയ്തിരുന്നു. 2014 മാർച്ച് 15 ന് ഫയൽ ചെയ്ത ആ പരാതി ഗുജറാത്ത് ഹൈക്കോടതി ആഗസ്റ്റ് 4, 5 തീയതികളിൽ കേൾക്കേണ്ടതായിരുന്നു.1 ഹിയറിങ്ങിന് ആഴ്ചകൾക്ക് മുൻപായി ഭരണകൂടം എന്റെ മേൽ അവരുടെ പ്രതാപം കാണിക്കുവാൻ തുടങ്ങി. ഇതൊരു യാദൃച്ഛികതമാത്രമോ, അതോ നീതിക്കുവേണ്ടിയുള്ള നിരന്തരമായ അന്വേഷണത്തെ നിശ്ചലമാക്കുന്നതിനുള്ള സർക്കാരിന്റെ മനഃപൂർവ്വമായ നീക്കമോ?

എനിക്കെതിരെയുള്ള കുറ്റം എന്താണ്? കുറ്റാരോപണങ്ങൾ

പ്രതികാര ദാഹത്തോടുകൂടിയുള്ളതാണ്. മുൻപ് ഗുജറാത്ത് പൊലീസിന്റെ ഒരു ക്രിമിനൽ കേസായിരുന്നു അത്. ഇപ്പോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഫോറിൻ കോൺട്രിബൂഷൻ റെഗുലേഷൻ ആക്ടി (എഇഞഞഅ)ന്റെ ലംഘനമാണ് കുറ്റാരോപണം. രണ്ട് കേസിലും ഞാനും ജാവേദും ആദ്യമായി സംസ്ഥാനഭരണത്തിന്റെ വിരട്ടൽ കെണിയിൽ പെട്ടു. 2004 നുശേഷം എനിക്കെതിരെ ഫയൽ ചെയ്യപ്പെട്ട നാല് വ്യാജ ക്രിമിനൽ കേസുകളും എന്നെ മാത്രം ലക്ഷ്യമിട്ടുള്ളതായിരുന്നു. ആദ്യത്തെ കേസിൽ (2014 ജനുവരി-2015 ഏപ്രിൽ), 25000 പേജോളം വരുന്ന രേഖകൾ ഞങ്ങൾ അന്വേഷണ ഏജൻസിക്ക് കൈമാറുകയും രണ്ടാമതൊന്നുകൂടി കെട്ടിച്ചമയ്ക്കപ്പെട്ടപ്പോൾ ഞങ്ങളുടെ പൂർണ്ണമായ സഹകരണം വാഗ്ദാനം ചെയ്ത് സി ബി ഐക്ക് കത്തെഴുതുകയും (2015 ജൂൺ 30) ചെയ്തിരുന്നു. ഒന്നും തന്നെ ഒളിച്ചുവയ്ക്കേണ്ടതായില്ലായിരുന്നു. വ്യാപം അഴിമതിക്കേസിൽ സി ബി ഐ അന്വേഷണം നിഷേധിച്ച സർക്കാർ എന്നെ വിചാരണ ചെയ്യുന്നതിന് ഉത്സാഹം കാണിച്ചു.

ഇരയാക്കപ്പെടുന്നു എന്ന തോന്നൽ ഞാൻ ആരോടും പ്രദർശിപ്പിച്ച് നടക്കാറില്ല. അതെന്റെ സ്വഭാവമല്ല. എന്നാൽ അന്ന് രാവിലെ ഞാൻ കോടതിമുറിയിലേക്ക് പോവുമ്പോൾ എനിക്കെതിരെയുള്ള ഭരണകൂടത്തിന്റെ പ്രതികാരം വിഷലിപ്തമായതാണെന്ന് തോന്നി. ഏത് വിധേനയും എന്നെ തടവിലാക്കുന്നതിനുള്ള സർക്കാരിന്റെ ലക്ഷ്യമാണ് വെളിവായത്. ഈ മുന്നറിയിപ്പ് ഞാൻ ആരുമായും പങ്കുവച്ചില്ല. കോടതിമുറിയിൽ ഞങ്ങളുടെ സാന്നിദ്ധ്യം സി ബി ഐ ആവശ്യപ്പെട്ടു. മഹാരാഷ്ട്ര കോടതികളിലെ ഒരു രീതിയാണത്. ഹിയറിങ് ഇടതടവില്ലാതെ നടന്നുകൊണ്ടിരുന്നു. മധ്യാഹ്നം സായാഹ്നത്തിന് വഴിമാറിക്കൊടുത്തു. ഞങ്ങളുടെ ജാമ്യാപേക്ഷ നിരാകരിച്ചുകൊണ്ട് അപ്പീലിന് കുറച്ച് സമയം മാത്രം നല്കി ഞങ്ങളെ തടങ്കലിൽ അയയ്ക്കാനാണ് ജഡ്ജിയുടെ ഉദ്ദേശ്യമെന്ന് എനിക്ക് മനസ്സിലായി.

ഞങ്ങളുടെ അഭിഭാഷകർ ഉടനെ പുറത്തിറങ്ങി ഹൈക്കോടതിയെ സമീപിച്ച് അടിയന്തരമായി ജാമ്യാപേക്ഷ സമർപ്പിക്കുന്നതിന് മുഴുവൻ തയ്യാറെടുപ്പും നടത്തിയിരുന്നു. പക്ഷേ, അന്നൊരു വെള്ളിയാഴ്ചയും ആ ദിവസം തീരുവാനുള്ള സമയവുമായിരുന്നു. അവസാനം ജഡ്ജി എന്റെ അപ്പീൽ നിഷേധിച്ചപ്പോൾ മുൻനടപടിക്രമങ്ങളൊക്കെ നിഷേധിച്ചുകൊണ്ട് ഞാൻ ബഞ്ചിന് മുന്നിലേക്ക് ചെല്ലുകയും കോടതിയെ അഭിസംബോധന ചെയ്യുകയും ചെയ്തു. "അങ്ങ് ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നതെന്ന് അങ്ങേക്കറിയാം എന്ന് ഞാൻ കരുതുന്നു. ഒരു ജുഡീഷ്യൽ തീരുമാനം എന്ന നിലയിൽ ഞാൻ അതിനെ ബഹുമാനിക്കുന്നു, പക്ഷേ, എനിക്കെതിരായ പ്രതികാര നടപടി എന്തെന്ന് പൂർണ്ണമായും അറിഞ്ഞിട്ടും ഈ നടപടി സ്വീകരിച്ചതിലൂടെ എന്നെയും എന്റെ കുടുംബത്തെയും അപകടകരമായ അവസ്ഥയിലാക്കിയിരിക്കുകയാണ്."

(പുസ്തകത്തിൽനിന്നും)




₹290

## ഭരണഘടനയുടെ കാവലാൾ
### തീസ്ത സെതൽവാദ്

# രാഷ്ട്രീയ പഠനങ്ങൾ





₹110

**ചുവപ്പ് പടർന്ന നൂറ്റാണ്ട്**
**പി രാജീവ്**




₹160

**ആശയസമരങ്ങളുടെ ലോകം**
**നിതീഷ് നാരായണൻ, ദയാൽ പലേരി**




₹410

**Communist Movement in Kerala Origins and Growth**
EMS




₹390

**ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം**
**1920 – 1964**




₹200

**മതം സ്വത്വം ദേശീയത**
**ഡോ. കെ എൻ പണിക്കർ**

ജീവിതം



# ഞാൻ എന്ന ജസ്റ്റിസ്

**ജസ്റ്റിസ് കെ ചന്ദ്രു**

മധുരയിലെ വക്കീൽ അയ്യാദുരൈ പൊലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിക്കപ്പെട്ട സംഭവമാണ് തമിഴ്നാട്ടിൽ വക്കീലന്മാരുടെ ഏറ്റവും വലിയ സമരത്തിന് കാരണമായിത്തീർന്നത്. (1979). ആദ്യമായി ഹൈക്കോടതി വക്കീലന്മാർ കോടതി ബഹിഷ്കരിച്ച് പണിമുടക്കിലേർപ്പെട്ടു. ദിവസവും പ്രകടനങ്ങളും നടത്തി. അതിന്റെ ഫലമായി ഹൈക്കോടതി വളപ്പിൽ പൊലീസ് കമ്മീഷണർ പൊൻ പരമഗുരു നിരോധനാജ്ഞ പ്രഖ്യാപിച്ചു.

സമരത്തിന്റെ തീവ്രത മനസ്സിലാക്കിയ അന്നത്തെ മുഖ്യമന്ത്രി എം ജി ആർ, ജസ്റ്റിസ് സി ജെ ആർ ബോസ്സിന്റെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മീഷന് ഉത്തരവിട്ടു. അന്വേഷണ കമ്മീഷൻ, വക്കീലന്മാർ പൊലീസ് സ്റ്റേഷനുകളിൽ പോകാൻ പാടില്ലെന്നും അയ്യാദുരൈക്കെതിരെ ആക്രമണം നടന്നുവെന്ന പരാതിയിൽ വാസ്തവം ഉണ്ടെന്നും റിപ്പോർട്ട് കൊടുത്തു.

ഈ സമരം നടത്തിയതിൽനിന്നും എനിക്ക് ചിലത് പഠിക്കാൻ സാധിച്ചു. തമിഴ്നാട് മുഴുവനും നടന്ന സമരം ആയതിനാൽ ചില ആഴ്ചകൾക്കുശേഷം ഹൈക്കോടതിയിലെ സീനിയർ വക്കീലന്മാരിൽ ചിലർ തങ്ങളെ ആക്ഷൻ കമ്മിറ്റിയായി പ്രഖ്യാപിച്ചു. ഹൈക്കോടതിയിലും എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന സംഘടനകൾ അവരുടെ മുറപ്രകാരമുള്ള സമരം നടത്തിക്കോളും എന്ന് അവർ വിശ്വസിച്ചു. പെട്ടെന്നൊരു ദിവസം, പാതിരാത്രിയിൽ സമ്മേളനം നടത്തി സമരം പിൻവലിക്കുന്നതായി അവർ അറിയിച്ചു. അടുത്ത ദിവസം രാവിലെ ദി ഹിന്ദു പത്രത്തിൽ സംഘത്തിന്റെ അറിയിപ്പായി വാർത്ത വന്നു. സമരം തുടരാനുള്ള ബദൽ ആക്ഷൻ കമ്മിറ്റിക്ക് രൂപം നല്കി, അതിൽ എന്നെ അംഗമാക്കി. സമരം തുടർന്നും നടന്നതിനാൽ സർക്കാർ ചില നടപടികളെടുത്തു.

ജില്ലാ ബാർ കൗൺസിൽ തെരഞ്ഞെടുപ്പുകൾ ചിലയിടങ്ങളിൽ പറഞ്ഞ സമയത്ത് നടക്കാറില്ല. എന്തെങ്കിലും മുട്ടുന്യായങ്ങൾ പറഞ്ഞ്, തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കും. വോട്ടർ പട്ടിക ശരിയായി തയ്യാറാക്കിയില്ല എന്ന കാരണത്താൽ, ഒരു മുൻസിഫ് കോടതിയിൽ പിന്നണക്കാരെ വച്ച് സിവിൽ കേസ് കൊടുത്തശേഷം, അതിന്റെ പേരിൽ തെരഞ്ഞെടുപ്പ് മാറ്റിവച്ചു, തങ്ങളുടെ പദവിക്കാലം നീട്ടിക്കൊണ്ടുപോകും.

1982 ലെ തമിഴ്നാട് ബാർ കൗൺസിലിന്റെ പദവിക്കാലം കഴിഞ്ഞിട്ടും വോട്ടർ പട്ടിക പൂർത്തിയാക്കിയില്ലെന്ന് പറഞ്ഞ് തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കപ്പെട്ടു. അതിനെ എതിർത്ത് ഞാൻ ഹൈ

ക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തപ്പോൾ ജസ്റ്റിസ് സത്യദേവ് ഉടൻതന്നെ തെരഞ്ഞെടുപ്പ് നടത്താൻ ഉത്തരവിട്ടു. അതിനുശേഷമാണ് 1961 ലെ അഡ്വക്കേറ്റ് ആക്റ്റ്, പാർലമെന്റിൽ തിരുത്തപ്പെട്ട്, പദവിക്കാലം കഴിയുന്നതിന് മുമ്പ് തന്നെ ബാർ കൗൺസിലുകൾ തെരഞ്ഞെടുപ്പുകൾ നടത്തിയില്ലെങ്കിൽ അംഗങ്ങളുടെ കാലാവധി കഴിയുമ്പോൾ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞ്, പരിപാലകരുടെ സംഘത്തിന് രൂപംനല്കി കൗൺസിലിന്റെ പ്രവർത്തനങ്ങൾ തുടരണമെന്ന് അറിയിക്കപ്പെട്ടു. 1983 ൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ, തെരെഞ്ഞടുക്കപ്പെട്ട 20 പേരിൽ ഞാനും ഒരാളായിരുന്നു. ചെന്നൈ ഹൈക്കോടതി വക്കീലന്മാർ ഏതാണ്ട് 49 പേർ മത്സരിച്ചതിൽ, എന്നേയും ചേർത്ത് മൂന്ന് പേർ മാത്രമേ തെരഞ്ഞെടുക്കപ്പെട്ടുള്ളൂ. അതിൽ ഏറ്റവും പ്രായം കുറഞ്ഞയാളും ഞാനായിരുന്നു.

1983 മുതൽ 1988 വരെ അഞ്ച് വർഷക്കാലം ഞാൻ പദവിയിൽ ഉണ്ടായിരുന്നപ്പോൾ, അച്ചടക്ക നടപടി കമ്മറ്റിയിലും നിയമപരിഷ്കരണ കമ്മിറ്റിയിലും ഞാൻ അംഗത്വം വഹിച്ചു. ബാർ കൗൺസിലിന് വേണ്ടി ഞാൻ തയ്യാറാക്കിയ അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് നിയമ ബിൽ സർക്കാരിന് കൊടുത്ത് നിയമമാക്കപ്പെട്ടു.



₹450

പ്രാഥമികഘട്ട ജസ്റ്റിസ് ആയ ക്രിമിനൽ മജിസ്ട്രേട്ട് പദവിക്ക് അനുഭവസമ്പത്തുള്ള വക്കീലന്മാരെ നേരിട്ട് തെരഞ്ഞെടുക്കാതെ, പല സർക്കാർ വകുപ്പുകളിൽ ഉദ്യോഗമാറ്റം ചെയ്താണ് മജിസ്ട്രേട്ട് നിയമനം നടത്താറുള്ളത്. അതിന്റെ കാരണം, അന്നത്തെ ചീഫ് ജസ്റ്റിസ് കെ വീരസ്വാമി ഈ പദവിക്ക് കുറഞ്ഞ ശമ്പളമാണ് നൽകുന്നതെന്നതിനാൽ അനുഭവസമ്പത്തുള്ള വക്കീലന്മാർ വരാൻ താല്പര്യപ്പെടില്ലെന്ന് പറഞ്ഞപ്പോൾ, സർവ്വീസ് നിയമങ്ങളുടെ അവസാനത്തേതായ, മറ്റു സേവനങ്ങളിൽനിന്നും ജോലിമാറ്റം വഴി നിയമനം എന്ന നിയമപ്രകാരം സർക്കാർ ഉദ്യോഗസ്ഥർ മജിസ്ട്രേറ്റായി നിയമിക്കപ്പെട്ടു. അതിനുശേഷം സിവിൽ കോർട്ട് ജസ്റ്റിസായും പിന്നീട് ജില്ലാ ജസ്റ്റിസായും ഉദ്യോഗക്കയറ്റം ലഭിക്കും.

1970 കളിൽ ജോലിമാറ്റം വഴി സർക്കാർ പദവിയിൽനിന്നും മജിസ്ട്രേട്ടായി മാറിയവരിൽ പലരും തമിഴ്നാട് കീഴ്ക്കോടതികളിൽ വളരെക്കാലം ജോലി ചെയ്തിട്ടുണ്ട്. മജിസ്ട്രേട്ട് പദവിയേക്കാൾ കൂടുതൽ ശമ്പളം വാങ്ങി സർക്കാർ ജോലി ചെയ്തിരുന്നവർ, കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യാൻ വന്ന കാരണം ഊഹിക്കുന്നത് പ്രയാസമുള്ളതൊന്നുമല്ല. കീഴ്തട്ടിലുള്ള കോടതികൾ കൈക്കൂലിപ്രേമികൾ ആയതിന്റെ ഒരു കാരണവും ഇതാണ്. ജോലിമാറ്റം വഴി നിയമരംഗത്ത് വന്ന താൽക്കാലിക മജിസ്ട്രേട്ടുമാരെ തിരിച്ചയച്ച്, മുറപ്രകാരമുള്ള തെരഞ്ഞെടുപ്പുകൾ വഴി അനുഭവസമ്പത്തുള്ള വക്കീലുമാരെ തെരഞ്ഞെടുക്കണം എന്ന കേസ് ബാർ കൗൺസിൽ പ്രസിഡന്റ് ഫയൽ ചെയ്തു. ആ കേസിൽ ബാർ കൗൺസിലിനായി ഞാൻ വാദിച്ചു.

(പുസ്തകത്തിൽനിന്നും)


## ഓർമ്മ / അനുഭവം / ജീവിതം



₹180

**വൃത്തം ഭേദിച്ച വനിതകൾ**
കെ രമ, പി കെ ശിവദാസ്, കെ അനശ്വര



₹160

**ദൈവനാമത്തിൽ**
സി പി നായർ



₹180

**സാലിം അലി ഇന്ത്യൻ പക്ഷി ശാസ്ത്രത്തിന്റെ പിതാവ്**
സി റഹീം



₹330

**നേതാജി സുഭാഷ് ചന്ദ്രബോസ്**
ഡോ. വിനി എ



₹230

**മയൂരശിഖ**
ഡോ. എം എസ് വല്യത്താൻ, വി ഡി ശെൽവരാജ്



₹230

**പി കെ കോരുമാസ്റ്റർ**
ഡോ. കാവുമ്പായി ബാലകൃഷ്ണൻ



# അവളിലേക്കുള്ള ദൂരം

## ട്രാൻസ്ജന്റർ സൂര്യയുടെ ജീവിതകഥ

### ഡോ. രശ്മി അനിൽകുമാർ

ഞങ്ങൾ ആശുപത്രി കോമ്പൗണ്ടിലൂടെ നടന്ന് റോഡിലേക്കിറങ്ങി. വീട്ടിലേക്ക് നടന്നു. ഞങ്ങൾക്കു പരിചയമില്ലാത്ത സ്ഥലം. പരിചയമില്ലാത്ത ആളുകൾ. ചിലർ ഞങ്ങളെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. അതിനെ അവഗണിച്ചുകൊണ്ട് ഞങ്ങൾ നടന്നു. അഞ്ജലിയുടെ വീട് എത്തി. കുടുസു മുറിയിൽ ചേക്കേറി. ഭക്ഷണത്തിനും മറ്റുമായി കൈയിലെ കാശ് ചെലവായിക്കൊണ്ടിരുന്നു. അടുത്ത ദിവസം കൗൺസിലിങ്ങിനുവേണ്ടി അതേ മുഖങ്ങൾ. അതേ മുറി. അതേ വെളിച്ചം. പഴയ ചോദ്യങ്ങളുടെ ആവർത്തനം. ലിംഗമാറ്റ ശസ്ത്രക്രിയയിൽ നിന്നു പിന്മാറുവാനുള്ള നിർദ്ദേശങ്ങൾ. ശസ്ത്രക്രിയ നടത്തണമെന്നുള്ള തീരുമാനത്തിൽ ഞാൻ ഉറച്ചുനിന്നു.

കൗൺസിലിംഗിലെ മൂന്നാം ഘട്ടം ഹിപ്നോട്ടിസമാണ്. മയക്കി കിടത്തിക്കൊണ്ടുള്ള ചോദ്യങ്ങൾ, അന്വേഷണങ്ങൾ. എനിക്കു ആകെ ഭയമായി. എന്റെ മനസ്സ് എന്നെ ചതിക്കുമോ? ഹിപ്നോട്ടിസത്തിൽ എന്റെ ലക്ഷ്യം മാറുമോ? ചെറിയ വെപ്രാളം എനിക്കുണ്ടാകുവാൻ തുടങ്ങി. ധൈര്യം അഭിനയിച്ചുകൊണ്ട് അവരുടെ മുമ്പിൽ ഞാനെത്തി. ഹിപ്നോട്ടിസത്തിലൂടെ അവർക്ക് എന്റെ മനസ്സു മാറ്റുവാൻ കഴിഞ്ഞില്ല. എനിക്കു ഭയങ്കര സന്തോഷമായി. എന്റെ മനസ്സും എന്റെ കൂടെ നിന്നു. ഞാനൊരു സ്ത്രീയായി മാറണമെന്ന് എന്റെ ഉപബോധ മനസ്സും അതുപോലെ ആഗ്രഹിച്ചിരുന്നു.

പിന്നീട് ഓപ്പറേഷനുള്ള ഒരുക്കങ്ങളായിരുന്നു. ഒപ്പം വന്ന ശ്യാമയ്ക്ക് ചെറിയ ഭയം തോന്നിത്തുടങ്ങി. തിരുവനന്തപുരത്തുനിന്നും കിലോമീറ്ററുകൾ അകലെ ഒരു ഹോസ്പിറ്റലിൽ. വലിയ പരിചയങ്ങളോ ബന്ധങ്ങളോ ഇല്ലാതെ, എപ്പോൾ വേണമെങ്കിലും തീർന്നു പോയേക്കാവുന്ന കാശും. എനിക്കെന്തെങ്കിലും സംഭവിച്ചാൽ എന്തുചെയ്യും അവൾ ഒറ്റയ്ക്ക്. അതായിരുന്നു ശ്യാമയുടെ വെപ്രാളം. ഒന്നും സംഭവിക്കില്ല. ജീവനോടെ തിരിച്ചുവരുമെന്നു ഞാൻ പറഞ്ഞു. അവൾക്കത് അത്ര വിശ്വാസമായില്ല.

ഉറക്കം വരാത്ത രാത്രിയിൽ ഞങ്ങൾ സംസാരിച്ചുകൊണ്ടു കിടന്നു. അതിനിടയിൽ തൃപ്തിയാണ് അക്കാര്യം എടുത്തിട്ടത്.

"എടീ നീ ഇന്നെങ്കിലും നിന്റെ ലിംഗം ഒന്ന് ഉപയോഗിക്ക്.

അതിന്റെ സുഖം ഒന്ന് അനുഭവിക്ക്.

ഇനി ജീവിതത്തിലൊരിക്കലും അത് കാണാൻ നിനക്കു പറ്റില്ല.

അത് മുറിച്ചുനീക്കം ചെയ്യാൻ പോവുകയാണ്.

എന്നെന്നേയ്ക്കുമായി, അത് ശരീരത്തിൽനിന്നും നഷ്ടപ്പെടുകയാണ്.

അതുകൊണ്ട് ആ ലിംഗത്തെ ഒന്ന് ഉപയോഗിച്ചു നോക്ക്."

എനിക്കതിനോടു യോജിക്കുവാൻ കഴിഞ്ഞില്ല.

സ്ത്രീ - പുരുഷ സുഖം, ലിംഗ - യോനീ സംയോഗം എന്റെ ലക്ഷ്യമായിരുന്നില്ല. എന്റെ ശരീരത്തിലുള്ള ലിംഗം എനിക്കൊരു ബാധ്യതയായിരുന്നു. അതിനെ ഉപയോഗിച്ചുകൊണ്ട് സുഖം നേടണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നില്ല. എനിക്ക് അത് കളയണമായിരുന്നു. എന്നെന്നേയ്ക്കുമായി കളയണമായിരുന്നു. എനിക്കൊരു സ്ത്രീയായി മാറണം.

എനിക്കൊരു സ്ത്രീയായി ജീവിച്ച് മരിക്കണം. അതാണ് എന്റെ ഏറ്റവും വലിയ ലക്ഷ്യം. അതിനിടയിൽ മറ്റൊന്നും എനിക്ക് വിഷയമായിരുന്നില്ല.

നാളെ ലിംഗമാറ്റ ശസ്ത്രക്രിയ.

പുതിയൊരു ശരീരനിലയിലേക്ക്...

ഒരു ഉടൽമാറ്റം...

വിനോദെന്ന ഉടലിൽനിന്നും സൂര്യയെന്ന ഉടലിലേക്കുള്ള മാറ്റം.

നമ്മൾ ധരിച്ച ഒരു ഉടുപ്പ് മാറാൻ എളുപ്പമാണ്.

എവിടെവച്ചും എപ്പോൾ വെച്ചും നമുക്ക് നമ്മുടെ ഉടുപ്പുകൾ മാറാം.

എന്നാൽ ഉടൽമാറ്റമോ?

അത് എങ്ങനെ എളുപ്പത്തിൽ നടക്കും?


ഉടൽമാറ്റം അതിലളിതമായ ഒന്നല്ല.

അതിന് എത്രയോ കടമ്പകൾ കടക്കേണ്ടിയിരിക്കുന്നു.

ഓരോന്നോരോന്നായി കടന്ന് ഞാൻ അതിന്റെ പടിവാതിലിലെത്തി നില്ക്കുകയാണ്.

ഇനി ഏതാനും മണിക്കൂറുകൾ മാത്രം.

ആശുപത്രിയിലെത്തി. സർജറിക്കുള്ള നീല ഉടുപ്പ് ധരിച്ചു. ശ്യാമ കൂടെയുണ്ട്. സർജറിയെക്കുറിച്ചുള്ള ആശങ്കകൾ അവളുടെ മുഖത്തുണ്ട്.




₹500

ഞാൻ എന്റെ ലക്ഷ്യത്തെ മനസ്സിൽ നിറച്ചു. എന്തു സംഭവിച്ചാലും എനിക്കു സ്ത്രീയായേ പറ്റൂ. സർജറി റൂമിലേക്ക് ഒരു സ്ട്രെച്ചറിൽ എന്നെ കിടത്തിക്കൊണ്ടുപോയി. ശ്യാമയുടെ കൈകൾ എന്നെ മുറുകെ പിടിച്ചിട്ടുണ്ട്. അവളുടെ ഉടൽ വിറകൊള്ളുന്നത് ഞാനറിഞ്ഞു. അടുത്ത ഗ്ലാസ് ഡോറിന്റെ കടമ്പയിൽ ആ കൈകൾ എനിക്കു നഷ്ടമായി. ഓപ്പറേഷൻ റൂമിൽ ഡ്യൂട്ടി ഡ്രസ് അണിഞ്ഞ ഡോക്ടർമാരും നഴ്സുമാരും.

ഞാൻ അവരെ മാറി മാറി നോക്കി.

അതിനിടയിൽ ഒരാൾ എന്റെ അടുത്തെത്തി.

അനസ്തേഷ്യ നല്കുന്ന ഡോക്ടർ 'റ' രൂപത്തിൽ എന്റെ ശരീരത്തെ വളച്ചൊടിച്ചു.

ഉടലിലൂടെ വേദന മിന്നൽ പിണർപോലെ പാഞ്ഞു. നടുവ് തകർന്നു പോകുന്നതുപോലെ...

കണ്ണിൽ വേദനയും നനവും തിങ്ങിനിറഞ്ഞു. രണ്ട് ഇൻജക്ഷൻ പുറകുഭാഗത്ത്....

കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ....

അനസ്തേഷ്യ ഡോക്ടർ അവരുടെ ജോലി ചെയ്തുകഴിഞ്ഞു.

ഇനി അടുത്ത ആളുടെ ഊഴമാണ്.

ഓപ്പറേഷൻ ടേബിളിൽ കിടക്കുമ്പോൾ കണ്ണുകളിൽ ഒരു തരിപ്പ് വന്നു നിറയുന്നു.

എന്റെ രണ്ടു കാലുകൾ പിടിച്ച് അകറ്റി വയ്ക്കപ്പെട്ടു.

അതിന്റെ ഇടയിലേയ്ക്ക് എത്തുന്ന ഒരു ഡോക്ടറുടെ തല കിടന്ന കിടപ്പിൽ ഞാൻ കണ്ടു.

എന്റെ കണ്ണുകൾ കൂമ്പിവന്നു.

അവിടെ എന്റെ ഓർമ്മ മറയുകയായിരുന്നു.

(പുസ്തകത്തിൽനിന്നും)


## പഠനഗ്രന്ഥങ്ങൾ



₹200

**ശാസ്ത്രത്തിന്റെ ജ്ഞാനശാസ്ത്രം**
**വി വിജയകുമാർ**



₹220

**ചെളി പുരളാത്ത പന്ത്**
**രാജീവ് രാമചന്ദ്രൻ**



₹200

**അഫ്ഗാനിസ്ഥാൻ**
**ഡോ. ജോർജ് കെ അലക്സ്**



₹110


**ഭരണഘടന ഒരു വായന**
**ജസ്റ്റിസ് എച്ച് നാഗമോഹൻ ദാസ്**



₹280

**ഫ്രഡറിക് ജെയിംസൺ**
**സുധാകരൻ സി ബി**

# പുസ്തകപ്രകാശനങ്ങൾ







എതിരൻ കതിരവന്റെ മലയാള സിനിമ ആശയവും ആഖ്യാനവും മധുപാൽ കെ ജി മോഹൻകുമാറിന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു








സി എസ് വെങ്കിടേശ്വരന്റെ മലയാള സിനിമയുടെ ഭാവനാദേശങ്ങൾ എന്ന ഗ്രന്ഥം കെ ആർ മനോജ് കെ പി കുമാരന് നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു






ജോൺ സാമുവൽ രചിച്ച ലോകകപ്പ് ദിനങ്ങൾ എന്ന ഗ്രന്ഥം പന്ന്യൻ രവീന്ദ്രൻ മന്ത്രി വി ശിവൻകുട്ടിക്ക് നൽകി പ്രകാശനം നിർവ്വഹിച്ചു








തോമസ് സാജൻ രചിച്ച ഡോറാമ്മ വിപ്ലവം സക്കറിയ സുനിൽ പി ഇളയിടത്തിനുനല്കി പ്രകാശനം ചെയ്യുന്നു

# ഏറ്റവും പുതിയ പുസ്തകങ്ങൾ




₹320

## സർദാർ

**കെ ആർ കിഷോർ**

ജീവിതം

സ്വാതന്ത്ര്യത്തിന്റെയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെയും നേട്ടങ്ങളും കോട്ടങ്ങളും അവലോകനം ചെയ്യുവാൻ നാം മുതിരുന്ന ഈ സന്ദർഭത്തിൽ ഇന്ത്യൻ റിപ്പബ്ലിക്കിലെ ആദ്യത്തെ രക്തസാക്ഷിയായ സർദാർ ഗോപാലകൃഷ്ണന്റെ ജീവചരിത്രം വായിച്ചു പഠിക്കുന്നത് അത്യന്തം അർത്ഥപൂർണ്ണമായ ഒരു പ്രവൃത്തിയാണ്. കോൺഗ്രസിന്റെ ജനാധിപത്യവിരുദ്ധതയുടെ ഏറ്റവും വലിയ തെളിവാണ് സർദാർ ഗോപാലകൃഷ്ണന്റെ രക്തസാക്ഷിത്വം. ഇന്ത്യ, റിപ്പബ്ലിക്കായ അതേദിവസമാണ് - 1950 ജനവരി 26 - സർദാർ ഗോപാലകൃഷ്ണൻ നേതൃത്വം നല്കി നടത്തിയ 'പൗരാവകാശജാഥ'യെ നിഷ്ഠുരമായി റിപ്പബ്ലിക്കൻ ഇന്ത്യയിലെ കോൺഗ്രസ് ഭരണത്തിൻകീഴിൽ തല്ലിച്ചതച്ചതും സർദാർ ഗോപാലകൃഷ്ണനെ ഇഞ്ചിഞ്ചായി തല്ലിച്ചതച്ചു വധിച്ചതും.




₹170

## ഡോറാമ്മ വിപ്ലവം

**തോമസ് സാജൻ**

നോവൽ

എക്കാലവും പുരുഷാധികാരത്തിന്റെ കീഴിൽ കഴിയേണ്ടവളാണ് സ്ത്രീ എന്ന വിചാരത്തെ ആർജ്ജവത്തോടെ കടഞ്ഞുകളയുന്നവളാണ് ഈ വിപ്ലവത്തിലെ നായിക ഡോറാമ്മ. വാഗമണ്ണിൽ നിന്ന് ഉടങ്ങി നോർവേ ചുറ്റി കോവിഡ് കാലത്ത് നാട്ടിലെത്തുന്ന ഈ നോവൽ എഴുപതുകളിലെ കേരളീയ ജീവിതവും മലയോര നായാട്ട് കഥകളും നമ്മുടെ മുന്നിൽ വരച്ചിടുന്നു. വ്യത്യസ്ത ഭൂമികകളിലെ വ്യത്യസ്തരായ മനുഷ്യരിലൂടെ നമ്മുടെയൊക്കെ ജീവിതങ്ങളെ തന്നെ ഇഴകീറി പരിശോധിക്കുകയാണ് ഈ നോവൽ ചെയ്യുന്നത്.

**ബെന്യാമിൻ**




₹210

## കാർഷിക മേഖല പൈതൃകം സംസ്കാരം പ്രതിസന്ധി

**കെ വി രാമകൃഷ്ണൻ**

പഠനം

കാർഷികമേഖലയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബഹുസ്വരമായ ചിന്തകൾ വീണ്ടും സജീവമാകുന്ന ഒരു കാഴ്ച ഇന്ന് നമുക്ക് കാണാൻ കഴിയും. പുതിയ തലമുറയിൽ ഒരു വിഭാഗം കൃഷിയിലേക്ക് സജീവമായി കടന്നുവരുന്നതും കാർഷിക സ്വയം പര്യാപ്തതയെക്കുറിച്ച് സംസ്ഥാന സർക്കാരുകൾ തന്നെ ഗൗരവമായി ചിന്തിച്ചു ഉടങ്ങിയതും ഇന്ത്യൻ കാർഷിക മേഖല മൂലധന താല്പര്യങ്ങൾക്കനുസൃതമായി ഉടച്ചുവാർക്കാനുള്ള ശ്രമങ്ങൾക്കെതിരെ കർഷകർ ഒറ്റക്കെട്ടായി പ്രതിരോധം തീർക്കുന്നതുമെല്ലാം ഇന്നത്തെ കാഴ്ചകളാണ്. ദീർഘകാലം കാർഷിക മേഖലയിലെ സംഘടനാപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി, കാർഷികമേഖലയുടെ ഘടനാപരമായ പ്രശ്നങ്ങളെയും കർഷകർ നേരിടുന്ന പ്രതിസന്ധികളെയും നേരിട്ടറിഞ്ഞ ഒരാൾ ഇത്തരം വിഷയങ്ങളോട് നടത്തുന്ന സ്വാഭാവിക പ്രതികരണങ്ങളാണ് കെ വി രാമകൃഷ്ണന്റെ ഈ ഗ്രന്ഥം.

## നിഘണ്ടു




₹350

**നിയമ നിഘണ്ടു**
ഡോ. ആർ ശിവകുമാർ




₹900

**മലയാളം മലയാളം ഇംഗ്ലീഷ് നിഘണ്ടു**
പി കെ ശിവദാസ്




₹260

**ഹൈസ്കൂൾ സചിത്ര ദ്വിഭാഷ ഗണിത നിഘണ്ടു**
ടി കെ കൊച്ചുനാരായണൻ




₹350

**ഭാരതീയ കാവ്യശാസ്ത്ര നിഘണ്ടു**
ഡോ. ടി ജി ശൈലജ




₹720

**മലയാള നാടക വിജ്ഞാനകോശം**
വട്ടപ്പറമ്പിൽ പീതാംബരൻ

## പഠനങ്ങൾ




₹190

**സംഗീതം സരോദ് പിന്നെ ഞാൻ**
പണ്ഡിറ്റ് രാജീവ് താരാനാഥ്




₹170

**ഗോത്ര പഠനങ്ങൾ**
ഡോ. അസീസ് തരുവണ





₹350

**രാമൻ പാഠവും പാഠഭേദങ്ങളും**
പി ജി സദാനന്ദൻ




₹600

**ഋഗ്വേദം സൗന്ദര്യം സമൂഹം രാഷ്ട്രീയം**
ഡോ. എൻ വി പി ഉണിത്തിരി




₹100

**സൂഫിസവും ഇസ്ലാമും**
ബിന്ദു ചാന്ദിനി

# ജംഗിൾ ബുക്സ്

## റുഡ്യാർഡ് കിപ്ലിങ്

ബാല സാഹിത്യം

സെന്റ് പോൾ ദ്വീപിനു വടക്ക-കിഴക്ക്, ബെറിഹ് നദിയുടെ അകലെയകലെ നൊവാസ്തോഷ്നാ എന്ന സ്ഥലത്ത് വളരെ വർഷം മുൻപ് നടന്ന കഥയാണിത്. ജപ്പാനിലേക്ക് പോയ ഒരു സ്റ്റീമറിന്റെ പായ്മരക്കയറുകളിൽ അകപ്പെട്ട ലിമ്മർഷിൻ എന്ന ശീതകാലക്കുരുവിയാണ് എന്നോടീ കഥ പറഞ്ഞത്. ഞാനതിനെ എന്റെ ക്യാബിനിലേക്ക് കൊണ്ടുവന്ന് ചൂട് നല്കി. ആഹാരം നല്കി. രണ്ടു ദിവസം പോറ്റി. പറക്കാനുള്ള കെല്പുകിട്ടിയപ്പോഴേക്കും അത് വീണ്ടും സെന്റ് പോളിലേക്ക് പറന്നുപോയി. ലിമ്മർഷിൻ സത്യം പറയുന്ന ഒരു കുരുവിയായിരുന്നു.

ബിസിനസിനല്ലാതെ ആരും നൊവാസ്തോഷ്നാ നദയിലേക്ക് പോകാറില്ല. നീർനായയാണ് അവിടത്തെ കച്ചവട വസ്തു. നൊവാസ്തോഷ്നാ ബീച്ച് പോലെ നീർനായയ്ക്ക് ഇത്രയും സുഖസൗകര്യങ്ങൾ ഒരുക്കുന്ന മറ്റൊരു തീരമില്ല. വേനൽമാസങ്ങളിൽ നൂറും ആയിരവും എണ്ണങ്ങൾ അവിടെ എത്തിച്ചേരും. ഒരു ടോർപ്പിഡോ ബോട്ട് പോലെ അത് നേരെ നൊവാസ്തോഷ്നായിലേക്ക് വരും. പാറകൾക്കിടയിൽ നദീതീരത്തിനടുത്തായിത്തന്നെ കൂട്ടുകാരുമൊത്ത് കളിച്ച് ഒരുമാസം കഴിയും.

പതിനഞ്ചുകാരനായ ഒരു സീക്യാച്ചിനെ എടുത്താൽ, ചാരനിറം, തോളുകളിൽ കുഞ്ചിരോമം, രാക്ഷസീയമായ പല്ലുകൾ എന്നിവയുണ്ടാകും. തറയിൽ നിന്നുയർന്നു നിന്നാൽ അവന് നാലടിയിലേറെ പൊക്കമുണ്ടാവും. ഏതുവിധത്തിലെങ്കിലും ഒന്നു തൂക്കി നോക്കിയാൽ എഴുനൂറ് പൗണ്ടോളം തൂക്കമുണ്ടാവും. ശരീരം മുഴുവൻ അടിപിടിയുടെ കലകൾ നിറഞ്ഞിരിക്കും. പക്ഷേ, ഒരു അടിപിടിക്കു കൂടി ബാല്യമുണ്ടെന്ന മട്ടിലാണ് ശൗര്യം. ശത്രുവിന്റെ മുഖത്തേക്കു നോക്കാൻ ഭയപ്പെടുന്ന മട്ടിൽ തല ഒരുവശത്തേക്ക് ചരിച്ചാണ് വെക്കുക. ഒരു മിന്നൽ പോലെയായിരിക്കും ആക്രമണം. മറ്റേ നീർനായയുടെ കഴുത്തിൽ രാക്ഷസീയമായ പല്ലുകൾ ആഴ്ത്തിയിറക്കും. അടിപിടിയിൽ പങ്കെടുക്കുന്ന മറ്റേ നായ ഓടി രക്ഷപ്പെട്ടുകൊള്ളണം. സീക്യാച്ച് അവനെ സഹായിക്കുകയില്ല. കടികൊണ്ട ഒരു നീർനായയെ മറ്റൊരു നീർനായ പ്രത്യേകിച്ച് സീക്യാച്ച് പിന്തുടരുകയില്ല. അത് തീര നിയമങ്ങൾക്ക് വിരുദ്ധമാണ്. അവന് അവന്റേതായ ഇടം കിട്ടണം ഒപ്പം അമ്പതിനായിരമോ നാല്പതിനായിരമോ നീർനായകളുണ്ടാവും ഓരോ വസന്തത്തിലും ഇവ മുരളുകയും കടിപിടികൂടുകയും ഒക്കെ ചെയ്തുകൊണ്ട് ഭയാനകമായ ഒരന്തരീക്ഷം സൃഷ്ടിക്കും.

ഹിച്ചിൻസൺസ് കുന്ന് ഒരു ചെറിയ കുന്നാണ്. അവിടെ മൂന്ന്, മൂന്നര മൈൽ വിസ്തൃതിയുള്ള ഒരു ഗ്രൗണ്ടുണ്ട്. അവിടെയാണ് ഈ നീർനായകൾ കടിപിടി കൂടുക. ഇവരുടെ ഭാര്യമാർ മെയ് അവസാനമോ ജൂൺ ആദ്യമോ ഒക്കെയേ എത്താറുള്ളൂ മൂന്നോ നാലോ വയസ്സുള്ള നീർനായകൾ കളിക്കുകയോ ഓടുകയോ ഒക്കെയേ ചെയ്യാറുള്ളൂ. അവരാണ്. ഇവർക്കിടയിലെ അവിവാഹിതർ. നൊവാസ്തോഷ്നായിൽ മാത്രം ഇവ മൂന്നു ലക്ഷത്തോളം വരും.

സീ ക്യാച്ച് അവന്റെ ആ വസന്തത്തിലെ നാല്പത്തഞ്ചാമത്തെ യുദ്ധം കഴിഞ്ഞ് കയറി വന്നപ്പോഴാണ് ഭാര്യ, പളപളത്ത മാറ്റ്കിൻ കടലിൽനിന്ന് കയറി വന്നത്. അവൻ അവളുടെ പിടലിക്ക് പിടിച്ചുകൊണ്ട് പറഞ്ഞു. "എന്നത്തേയും പോലെ താമസിച്ചു. എവിടെയായിരുന്നു നീ?"


കരയിൽ അലഞ്ഞു നടക്കുന്ന

സ്കൂൾ പ്ലസ്



₹170

**ഭാരതീയ ശാസ്ത്രജ്ഞൻമാർ**
**ചേപ്പാട് ഭാസ്കരൻ നായർ**




₹130

**കുട്ടികളും ആവർത്തനപ്പട്ടികയും**
**ഡോ. ആർ പ്രസന്നകുമാർ**




₹200

**രചനയുടെ രഹസ്യം**
**എം എ ബൈജു**



₹90

**കുട്ടികളുടെ ഭഗത്സിങ്**
**സന്തോഷ് പ്രിയൻ**



₹190

**കസ്തൂർബയുടെ ജീവിതകഥ**
**എം സുരേഷ്ബാബു**

നാലുമാസവും എന്തെങ്കിലും തിന്നുക എന്നത് സീക്യാച്ചിന് അത്ര കാര്യമൊന്നുമായിരുന്നില്ല. അതുകൊണ്ടുതന്നെ അവന്റെ ക്ഷമ കെട്ടിരുന്നു. മാറ്റ്കാ നല്ല മറുപടി പറഞ്ഞു. ചുറ്റിനും നോക്കി അവൾ കൂവി "നിങ്ങളെന്തൊരു ആളാണ്? പഴയ സ്ഥലംതന്നെ തെരഞ്ഞെടുത്തിരിക്കുന്നു."

"അതെയതെ." സീക്യാച്ച് പറഞ്ഞു. "എന്നെ നോക്ക്."

കുറഞ്ഞത് ഇരുപതിടത്തെങ്കിലും അവന് പരിക്കുണ്ടായിരുന്നു; ഒരു കണ്ണ് ഏകദേശം പോയി. വശങ്ങൾ കീറിയിരിക്കുന്നു


"അയ്യോ! അയ്യോ!" മാറ്റ്കാ. തന്റെ പിൻവശം ചെറുതായൊന്ന് കുലുക്കി. "നിങ്ങളൊരു ബോധത്തോടെ സ്ഥലം തെരഞ്ഞെടുക്കാത്തതെന്താ? നിങ്ങളെ കണ്ടിട്ട് തിമിംഗലവേട്ട കഴിഞ്ഞ പോലെയുണ്ടല്ലോ."

"ഞാൻ വേറൊന്നും ചെയ്തില്ല. മെയ് മദ്ധ്യംവരെ തമ്മിലടിതന്നെ തമ്മിലടി. ഈ സീസണിൽ കരകളെല്ലാം നിറഞ്ഞു കവിഞ്ഞിരുന്നു. ലുക്കാനൻ ബീച്ചിൽത്തന്നെ ഞാനൊരു നൂറ് നീർനായയെ കണ്ടു. ഈ ആളുകളെന്തിനാ ഇങ്ങനെ ഇറങ്ങി നടക്കുന്നതെന്നാ എനിക്ക് മനസ്സിലാവാത്തത്. ഇവർക്ക് ഇവരുടെ താമസസ്ഥലത്ത് നിന്നൂടേ?"

"ഈ നിബിഡമായ ഇടത്തേക്കാൾ ഒറ്റർ ദ്വീപിലായിരുന്നെങ്കിൽ നമുക്കിതിനേക്കാൾ സന്തോഷമായിരുന്നു!"

"ഒറ്റർ ദ്വീപിൽ ആരെങ്കിലും പോകുമോ? നാം അവിടെ പോയാൽ പേടിച്ചിട്ടാണെന്ന് അവന്മാർ പറയും. നമ്മൾ എപ്പോഴും ഇവിടെയുണ്ടെന്ന് അവർക്ക് തോന്നണം."

സീക്യാച്ച് കുറച്ചുനേരം തന്റെ തല തടിച്ച തോളിൽ താഴ്ത്തിവച്ച് ഉറങ്ങുന്നതായി ഭാവിച്ചു. പക്ഷേ, അപ്പോഴും ഒരു യുദ്ധത്തിനുള്ള ഇടം അവൻ തേടുന്നുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ നീർനായകളും ഭാര്യമാരും ചേർന്ന് നല്ല ബഹളമാണ് കരമുഴുവനും.




₹370

കരയിലിപ്പോൾ കുറഞ്ഞത് ഒരു മില്യൻ നീർനായകളുണ്ടാവും. അമ്മ നീർനായകൾ, കുട്ടികൾ, ചെറിയ കുഞ്ഞുങ്ങൾ, ദുർബ്ബലർ. എല്ലാം കളിക്കുകയും ഉല്ലസിക്കുകയും കരയിലേക്ക് ഓടിക്കയറുകയും നദിയിലേക്കിറങ്ങുകയും ആകെ ഒരു ബഹളമാണിവിടെ.

(പുസ്തകത്തിൽനിന്നും)


ബാല സാഹിത്യം




₹170

കിലുക്കാംപെട്ടിയും പൂത്തുമ്പികളും
ഡോ. ആർ പ്രസന്നകുമാർ, ആനയടി പ്രസാദ്




₹220

കുട്ടനും കിളിയും
എം ബി സന്തോഷ്




₹190

ബ്രസീലിലെ നാടോടിക്കഥകൾ
പുനരാഖ്യാനം: പ്രേമാനന്ദ് ചമ്പാട്




₹160

മിഠായി മാന്ത്രികം
സപ്തപുരം അപ്പുക്കുട്ടൻ




ചിന്ത പബ്ലിഷേഴ്സ് സുവർണജൂബിലി

# ചിന്ത പബ്ലിഷേഴ്സ് കേരളത്തിലെ മുൻനിര പ്രസാധക സംഘം

## എം വി ഗോവിന്ദൻ മാസ്റ്റർ

1973-ലാരംഭിച്ച ചിന്ത പബ്ലിഷേഴ്സ് കേരളത്തിലെ മുൻനിര പ്രസാധകസംഘമായി ഇതിനകം വളർന്നുകഴിഞ്ഞു. ദിവസം ഒരു പുസ്തകമെന്ന നിലയിൽ 365 പുസ്തകങ്ങൾ ഒരു വർഷം പ്രസിദ്ധീകരിക്കുക എന്ന നിലയിലാണ് ചിന്തയുടെ പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെട്ടത്. ആ പദ്ധതിയിൽ ചിന്ത ലക്ഷ്യം കാണുകയും ചെയ്തു. ശാസ്ത്രബോധവും യുക്തിചിന്തയും ചോദ്യം ചെയ്യപ്പെടുന്ന ഈ കാലയളവിൽ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ശാസ്ത്രാവബോധം വളർത്തുന്ന തരത്തിലുള്ള പുസ്തകങ്ങൾ ചിന്ത പ്രസിദ്ധീകരിക്കുന്നുണ്ട്. അതാണ് ചിന്തയുടെ പ്രത്യേകതയും. ആശയസംവേദന മണ്ഡലങ്ങളിൽ വർഗീയബോധം






വളർത്തുന്ന, പൊതുബോധങ്ങളെ വിമർശനാധിഷ്ഠിതമായി വിലയിരുത്തുന്ന പ്രത്യയശാസ്ത്ര ബോധ്യത്തോടെയുള്ള ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും ചിന്ത മുൻപന്തിയിലാണ്. മുഴുവൻ ജനാധിപത്യ വിശ്വാസികളെയും ചേർത്തുപിടിച്ചുകൊണ്ട് വലതുപക്ഷ ജീർണ ആശയങ്ങളെയും അതിയാഥാസ്ഥിതിക സങ്കല്പനങ്ങളെയും നിരാകരിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ടതുണ്ട്. ആ ഒരു ദൗത്യമാണ് ചിന്ത പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ നിർവഹിച്ചുവരുന്നത്.






# ഷാർജ പുസ്തകോത്സവത്തിൽ ശ്രദ്ധേയമായി ചിന്ത പബ്ലിഷേഴ്സ് പവലിയൻ

ഷാർജ രാജ്യാന്തര പുസ്തകോത്സവത്തിലെ ചിന്ത പബ്ലിഷേഴ്സ് സ്റ്റാളിന്റെ ഉദ്ഘാടനം SIBF എക്സ്റ്റേണൽ അഫേഴ്സ് എക്സിക്യൂട്ടീവ് അംഗം മോഹൻകുമാർ നിർവ്വഹിച്ചു. ഫോക്ലോർ എക്സിക്യൂട്ടീവ് അംഗവും പ്രശസ്ത നാടൻപാട്ട് കലാകാരിയുമായ പ്രസീദ ചാലക്കുടി ചിന്തയുടെ ആദ്യ പുസ്തക വിൽപന നടത്തി. മാസ് സെക്രട്ടറി ബി കെ മനു, പ്രസിഡന്റ് താലിബ് കുഞ്ഞുമോൻ, ലോക കേരള സഭ എക്സിക്യൂട്ടീവ് അംഗം ആർ പി മുരളി, വാഹിദ് നാട്ടിക, അമീർ കല്ലുംപുറം എന്നിവർ സന്നിഹിതരായിരുന്നു.


ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച പി ശ്രീകലയുടെ കവിതാസമാഹാരം 'പെയ്തൊഴിയുമ്പോൾ' റൈറ്റേഴ്സ് ഹാളിൽവെച്ച് പ്രകാശനം ചെയ്തു.

എഴുത്തുകാരൻ കെ പി രാമനുണ്ണിയിൽ നിന്നും കെ ജയദേവൻ പുസ്തകം ഏറ്റുവാങ്ങി. വി എസ് ബിന്ദു മുഖ്യതിഥിയായ ചടങ്ങിൽ ഷാബു കിളിത്തട്ടിൽ പുസ്തക പരിചയം നടത്തി. ഷാർജ മാസ്സ്, ദുബായ്, ഓർമ എന്നീ സംഘടനകളുടെ രക്ഷധികാരികൾ, എൻ കെ കുഞ്ഞഹമ്മദ് ഹമീദ്, ഓർമ സെക്രട്ടറി അനീഷ് മണ്ണാർക്കാട്, മാസ്സ് സെക്രട്ടറി മനു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ഷിജുഖാന്റെ യാത്രാപുസ്തകമായ 'ധാക്ക എക്സ്പ്രസ് - അഭയാർത്ഥികൾ വന്ന വഴിയിലൂടെ' എന്ന

ധാക്ക എക്സ്പ്രസ് പ്രകാശനം








പെയ്തൊഴിയുമ്പോൾ പ്രകാശനം

പുസ്തകം ഷാർജ പുസ്തകോത്സവത്തിലെ ചിന്ത പവലിയനിൽ വെച്ച് പ്രകാശനം ചെയ്തു.നോവലിസ്റ്റ് കെ പി രാമനുണ്ണി, കെ ജയദേവന് നൽകിയാണ് പ്രകാശനം നിർവഹിച്ചത്.

ഷാർജ മാസ് സംഘടനയുടെ മുൻ പ്രസിഡന്റ് അമീർ കല്ലുമ്പുറം മോഡറേറ്ററായി. ഷാർജ മാസ് സെക്രട്ടറി ബി കെ മനു, പ്രസിഡന്റ് താലിബ്, പി കെ ഹമീദ്, ശ്രീപ്രകാശ്, പ്രവാസി ക്ഷേമനിധി ബോർഡ് ഡയറക്ടർ ആർ പി മുരളി, എഴുത്തുകാരികളായ പി ശ്രീകല, വി എസ് ബിന്ദു, ഹണി ഭാസ്കർ, അബുദാബി ശക്തി സംഘടന നേതാവായ വീരൻകുട്ടി, ദുബായ് ഓർമ്മ സംഘടനാ നേതാക്കളായ രാകേഷ് മാട്ടുമ്മൽ, അനീഷ്, തുടങ്ങി രാഷ്ട്രീയ-സാമൂഹിക പ്രവർത്തകർ പ്രകാശനത്തിൽ പങ്കെടുത്തു.











വക്കീൽ കഥകൾ പ്രകാശനം




ചിന്ത പുസ്തക...



# കഥകൾ - പുതുകാലം പുതുവായനകൾ



ഒരു പെൺകുട്ടി മഴ നനയുന്നു
കെ ആർ മല്ലിക



സ്വപ്നപ്രകാരം
പി ജെ ജെ ആന്റണി



കറുത്തവരുടെ കടൽ
സജിനി എസ്




ഇണയില്ലാപ്പൊട്ടൻ
വി എസ് അജിത്ത്




കാച്ചിയമോരിന്റെ മണമുള്ള ഉച്ചനേരങ്ങൾ
ജേക്കബ് ഏബ്രഹാം



മഗ്ദലീന
എബ്രഹാം മാത്യു



പുരുഷാരം
സി വി ബാലകൃഷ്ണൻ



എഡ്വിൻപോൾ
സി വി ബാലകൃഷ്ണൻ



ഏകാന്തതയുടെ കടൽ
ബീന സജീവ്



മഞ്ഞക്കാർഡുകളുടെ സുവിശേഷം
അമൽ



വക്കീൽ കഥകൾ
കെ കെ രമേഷ്



എജ്ജാതി പെണ്ണ്
നിഷ അനിൽകുമാർ




പെണ്ണ ചത്തവന്റെ പതിനേഴാം ദിവസം
കെ എസ് രതീഷ്




ശലഭജീവിതം
ദേവദാസ് വി എം



എച്ച്മുക്കുട്ടിയുടെ കഥകൾ
എച്ച്മുക്കുട്ടി



ബ്ലൂ വെയ്ൽ
ജോസി ജോസഫ്



കുചേലന്റെ കുട്ടികൾ
പ്രഭാകരൻ പഴശ്ശി



കുചേലവൃത്തം
പി കെ ശ്രീവത്സൻ



ഭായ്ബസാർ
റീന പി ജി



ചൈനീസ് മഞ്ഞ
മിഥുൻ കൃഷ്ണ




# ഒരു ഭജനത്തിന്റെ കഥ

സ്കൂളിൽ ചേർന്ന ആദ്യകൊല്ലം ക്രിസ്തുമസ് വെക്കേഷൻകാലത്ത് ഞങ്ങൾ--ജ്യേഷ്ഠനും മറ്റ് പല സുഹൃത്തുക്കളും ഞാനും--മദിരാശി കാണാൻ പോയി. വെക്കേഷൻകാലം മുഴുവൻ അവിടെ കഴിച്ചുകൂട്ടി നഗരം കാണണമെന്നായിരുന്നു പ്ലാൻ.

നിർഭാഗ്യവശാൽ അത് നടന്നില്ല. മദിരാശിയിലെത്തി ഒന്നോ രണ്ടോ ദിവസം കഴിഞ്ഞപ്പോഴേക്ക് ഞാൻ പനിപിടിച്ച് കിടപ്പിലായി. കൂട്ടുകാരെല്ലാം കാഴ്ചകൾ കാണാൻ പോവും; ഞാൻ ഹോട്ടലിലെ ഒരു മുറിയിൽ കിടക്കും. ഡോക്ടർ വരും, പരിശോധിക്കും, മരുന്നുതരും, കൂട്ടുകാർ വരും, കണ്ട കാഴ്ചകളുടെ രസം പറയും, ഞാനെല്ലാം കേട്ടു കിടക്കും. ക്രമേണ സുഖക്കേട് ഭേദമായി. എനിക്ക് പുറത്തിറങ്ങാറായി. പക്ഷേ അപ്പോഴേക്കും വെക്കേഷൻ കഴിഞ്ഞ് നാട്ടിലേക്ക് തിരിച്ചുപോകാറായി. അങ്ങനെ എന്റെ ആദ്യത്തെ മദിരാശിയാത്ര വിഫലമായി കലാശിച്ചു.

നാട്ടിൽ മടങ്ങിയെത്തിയ ഉടനെ പതിവനുസരിച്ച് സ്കൂളിൽ പോയി. പക്ഷേ സ്കൂളിൽചെന്ന് ആദ്യദിവസമോ രണ്ടാമത്തെ ദിവസമോ എന്നോർമയില്ല, വീണ്ടും പനിവന്നു. സ്കൂളിൽനിന്ന് ലീവെടുത്തു. പിന്നീടേതാണ്ട് രണ്ടുമാസത്തോളം തുടർച്ചയായി പനിയായിരുന്നു--മലമ്പനി.

ഇക്കാലത്ത് മുഴുവൻ ഒരു ഏകാന്തതാബോധത്തോടെ --സ്കൂളന്തരീക്ഷത്തിൽ നിന്നെല്ലാം അകന്നിട്ടെന്നർഥം -- ഞാൻ വീട്ടിൽ കഴിച്ചുകൂട്ടി; കഷായങ്ങളും മറ്റ് മരുന്നുകളും കഴിക്കുക, പകലുറങ്ങാതെ നോക്കുക. (ഇത് വൈദ്യന്റെ നിർദേശമാണ്) രുചിയും വിശപ്പുമെല്ലാമുണ്ടെങ്കിലും മിതമായി മാത്രം ഭക്ഷണം കഴിക്കുക മുതലായതാണ് ദിനചര്യ. സമയം പോകുന്നതിന് വായനയല്ലാതെ മറ്റ് യാതൊരു മാർഗവുമില്ല. ആ ദിവസങ്ങളിലാണ് സ്കൂൾ ജീവിതത്തോട് ഞാനെത്ര ഇഴുകിച്ചേർന്നിട്ടുണ്ടെന്ന് എനിക്ക് മനസിലായത്. പനിയും പനിയെത്തുടർന്ന് മേലാസകലം പരന്ന നീരും കാരണമായുള്ള കായികാസ്വാസ്ഥ്യത്തെക്കാളൊട്ടും കുറയാത്ത അസ്വാസ്ഥ്യമാണ് മനസിന്; സ്കൂളിന്റെയും, സഹപാഠികളുടെയും, പാഠങ്ങൾ നടക്കുന്നതിന്റെയും മറ്റും വിചാരംതന്നെ എല്ലായ്പ്പോഴും.

മാനസികാസ്വാസ്ഥ്യത്തിനുള്ള ഒരു കാരണം അക്കൊല്ലത്തെ പരീക്ഷക്ക് ഇരിക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്ന ഭയമാണ്. പരീക്ഷക്കെഴുതിയില്ലെങ്കിൽ ക്ലാസുകയറ്റം കിട്ടുമോ? ഇല്ലെങ്കിൽ അടുത്തകൊല്ലവും ഇതേ ക്ലാസിൽ തുടരേണ്ടിവരില്ലേ? ഈ സംശയം ഉടൻതന്നെ ദൂരീകരിക്കപ്പെട്ടു. പരീക്ഷക്കെഴുതിയില്ലെങ്കിലും ക്ലാസുകയറ്റം നൽകാമെന്ന് ഹെഡ്മാസ്റ്റർ ഉറപ്പുതന്നു. അദ്ദേഹം ഒരു ദിവസം വീട്ടിൽ വന്ന് എന്നോട് നേരിട്ടുതന്നെ ഇത് പറഞ്ഞു.

രണ്ട് മാസത്തിലധികം നീണ്ടുനിന്ന ചികിത്സക്കുശേഷം രോഗം നിശേഷം മാറിയപ്പോഴേക്ക് ആ സ്കൂൾവർഷം കഴിഞ്ഞിരുന്നു. മധ്യവേനൽ വെക്കേഷൻ തുടങ്ങാറായി. ജ്യേഷ്ഠനും മറ്റും വെക്കേഷൻ കാലത്തെ യാത്രാ പരിപാടികൾ തയ്യാറാക്കി. എനിക്ക് മറ്റൊരു പരിപാടിയാണ് അമ്മയും ഗുരുനാഥനും മറ്റും തയ്യാറാക്കിയത്--ഗുരുവായൂർ ക്ഷേത്രത്തിൽപോയി പന്ത്രണ്ട് ദിവസം ഭജിക്കുക. ഗുരുനാഥനും അദ്ദേഹത്തിന്റെ സുഹൃത്തും ഇതേ കാലത്തുതന്നെ ഭജിക്കാൻ പോകുന്നുണ്ട്. എനിക്കും അതിൽ പങ്കു ചേരാം.

ഇതിനുമുമ്പ് ഒന്നോ രണ്ടോ തവണ ഗുരുവായൂർക്ക് പോയിട്ടുണ്ട്. പക്ഷേ ഒരു ദിവസംപോലും തികച്ച് താമസിക്കാതെ 'തൊഴുതുപോരിക'യാണിതേവരെയുണ്ടായിട്ടുള്ളത്. ഇപ്പോഴാകട്ടെ, പന്ത്രണ്ട് ദിവസം തുടർച്ചയായി അവിടെ താമസിക്കാൻ പോവുകയാണ്. താമസത്തിനൊരു സ്ഥലം ഏർപ്പാടുചെയ്തിട്ടുണ്ട്. ദിവസേന രാവിലെ, ഉച്ചക്ക്, സന്ധ്യക്ക്, രാത്രി, എല്ലാം ഗുരുവായൂരപ്പനെ വന്ദിക്കുക, വൈകുന്നേരവും മറ്റും കഴിയുന്നത്ര സമയമെടുത്ത് അമ്പലത്തിൽ പ്രദക്ഷിണം വെക്കുക, ക്ഷേത്രത്തിൽ നടക്കുന്ന ഭാഗവതപാരായണം കേൾക്കുക--ഇതെല്ലാം ചെയ്യാനുണ്ട്. അതുകൊണ്ട് ഉച്ചതിരിഞ്ഞ് രണ്ടുമൂന്ന് മണിക്കൂറും രാത്രി ഉറങ്ങുമ്പോഴും മാത്രമെ താമസസ്ഥലത്തുണ്ടാവുകയുള്ളൂ. ബാക്കിസമയമെല്ലാം ക്ഷേത്രത്തിൽതന്നെ.

രോഗശമനത്തിന് പ്രത്യേകമായി ആരാധിക്കപ്പെടുന്ന ദേവനാണ് ഗുരുവായൂരപ്പൻ. ആ സ്ഥിതിക്ക് പലതരക്കാരായ രോഗികൾ അവിടെ വന്ന് ഭജനമിരിക്കും. വയറ്റുനോവുകാർ, വാതബാധിതർ, കുഷ്ഠരോഗികൾ മുതലായ നാനാതരം രോഗങ്ങൾ പിടിപെട്ടവരുടെ കൂട്ടത്തിൽ വൻകിട പണക്കാരുണ്ട്. നിർധനരായവരുണ്ട്, നിരക്ഷരകുക്ഷികളായ സാധാരണക്കാരുണ്ട്. സർവകലാശാല വിദ്യാഭ്യാസം നേടി ഉയർന്ന ഉദ്യോഗങ്ങളിലിരിക്കുന്നവരോ അത്തരം ഉദ്യോഗങ്ങളിൽനിന്ന് പിരിഞ്ഞവരോ ഉണ്ട്; നാഗരികത തൊട്ടുതെറിച്ചിട്ടില്ലാത്ത തനിനാടന്മാരുണ്ട്. സർവരുടെയും ഉദ്ദേശ്യം ഒന്നുതന്നെ --തങ്ങളെ പിടികൂടിയ മഹാരോഗങ്ങളിൽ നിന്ന് മോചനം നേടുക.

മേൽപ്പത്തൂർ ഭട്ടതിരി, വില്വമംഗലത്ത് സ്വാമിയാർ, പൂന്താനം മുതലായ പല പണ്ഡിതന്മാരുടെയും പേർ ഗുരുവായൂർ ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു; അത്തരം പല ഐതിഹ്യകഥകളും ഭക്തന്മാർ അവിടെ പറയുന്നതുകേൾക്കാം. അവരിൽ പലരുടെയും കൃതികൾ --മേൽപ്പത്തൂരിന്റെ നാരായണീയം. വില്വമംഗലത്തിന്റെ ശ്രീകൃഷ്ണകർണാമൃതം, പൂന്താനത്തിന്റെ ജ്ഞാനപ്പാന മുതലായവ -- ഉച്ചത്തിലും ഭക്തിയോടുകൂടിയും ചൊല്ലുന്നതു കേൾക്കാം. ഈ കൃതികളും മറ്റ് പല ഭക്തിമയ കൃതികളും പുസ്തകരൂപത്തിൽ അച്ചടിച്ചത് വാങ്ങാനും കിട്ടും. ഇതും പൂജാസമയങ്ങളിൽ തിരക്കുകൂട്ടുന്ന ജനങ്ങളുടെ ഭക്തിപൂർവമായ മന്ത്രോച്ചാരണങ്ങളും എല്ലാം കൊണ്ട് ഭഗവൽപൂജയുടേതായ ഒരന്തരീക്ഷം ക്ഷേത്രപരിസരത്തിലാകെ വ്യാപിച്ചിരിക്കുകയാണ്.

(ഇ എം എസ് ആത്മകഥയിൽ നിന്നും)

# ദേശാഭിമാനി ബുക്ക്ഹൗസ്

## ബ്രാഞ്ചുകൾ

| | | |
|---|---|---|
| കണ്ണൂർ | : | എൻ ജി ഒ യൂണിയൻ ബിൽഡിങ്സ്, കണ്ണൂർ ☎ 04972700477 |
| കണ്ണൂർ | : | സെൻട്രൽ ബസ്ടെർമിനൽ കോംപ്ലക്സ്, താവക്കര ☎ 04972702400 |
| കോഴിക്കോട് | : | മാവൂർ റോഡ്, ടി വി എസിനു സമീപം, കോഴിക്കോട് ☎ 04952723528 |
| കോഴിക്കോട് | : | ഐ ജി റോഡ്, കോർപ്പറേഷൻ ബസ്സ്റ്റേഷൻ, കോഴിക്കോട് ☎ 04952727201 |
| തൃശ്ശൂർ | : | ദേശാഭിമാനി ബുക്ക് ഹൗസ്, മച്ചിങ്ങൽ ലെയ്ൻ, തൃശ്ശൂർ ☎ 9037352833 |
| തൃശ്ശൂർ | : | എക്സിബിഷൻ യൂണിറ്റ്, സി പി രമേശൻ, തൃശ്ശൂർ ☎ 9562282676 |
| എറണാകുളം | : | കെ എസ് ആർ ടി സി ബസ്സ്റ്റേഷൻ, എറണാകുളം ☎ 04842361055 |
| തിരുവനന്തപുരം | : | കരിമ്പനാൽ സ്റ്റാച്യു അവന്യൂ, തിരുവനന്തപുരം ☎ 9048943555 |
| തിരുവനന്തപുരം | : | ഹെഡ്ഓഫീസ്, കുന്നുകുഴി റോഡ്, തിരുവനന്തപുരം ☎ 04712303026 |
| തിരുവനന്തപുരം | : | കെ എസ് ആർ ടി സി, തമ്പാനൂർ, തിരുവനന്തപുരം ☎ 9496200565 |

## ഏജൻസികൾ

വയനാട്: പഴയ മുനിസിപ്പൽ ബസ്സ്റ്റാന്റ്, കൽപ്പറ്റ ☎ 953999905 • ചീരാൽ റോഡ്, ചുങ്കം, സുൽത്താൻബത്തേരി ☎ 9447447286 • പാലക്കാട്: സുൽത്താൻപേട്ട ☎ 9447838615 • വൈപ്പിൻ ബസ്സ്റ്റാന്റ്, വൈപ്പിൻ ☎ 9446828332 • നെടുമ്പാശ്ശേരി എയർപോർട്ട്, കൊച്ചി ☎ 9847471671 • കോട്ടയം: പോസ്റ്റാഫീസ് റോഡ്, കോട്ടയം ☎ 8075937583 • തിരുവനന്തപുരം: ഓവർബ്രിഡ്ജ്, തിരുവനന്തപുരം ☎ 9496141638 • ഇ എം എസ് അക്കാദമി തിരുവനന്തപുരം • സാഫല്യം കോംപ്ലക്സ്, പാളയം • കുറ്റനാട് ☎ 9447765993 • കാഞ്ഞങ്ങാട് ☎ 9995948808 • നിലമ്പൂർ ☎ 9447630679 • തൃശ്ശൂർ ☎ 9388987309

## ചിന്ത ബുക്സ് കോർണറുകൾ

പയ്യന്നൂർ: ഡിസംബർ ബുക്സ് ☎ 9847504233 • തലശ്ശേരി: ഓപ്പൺബുക്സ് ☎ 9847503242 • പെരിന്തൽമണ്ണ: ശക്തി ബുക്ക്സ് ☎ 9745533851 • കോട്ടയം: ഗ്രാന്റ് ബുക്സ്, ടി ബി റോഡ് ☎ 04812566800 • ഇടുക്കി: ബുക്സ് കോർണർ, ചെറുതോണി ☎ 9447963226 • പത്തനംതിട്ട: പുസ്തകശാല, പത്തനംതിട്ട ☎ 9447278762 • അഞ്ചപ്പം, റാന്നി ☎ 9745050981 • കടയ്ക്കൽ: എം ആർ എസ് ന്യൂസ് കോർണർ ☎ 9447012462 • കൊല്ലം: ഗ്രന്ഥപ്പുര, ചിന്നക്കട, കൊല്ലം ☎ 9497755727 പുസ്തകവീട്, കരുനാഗപ്പള്ളി ☎ 9447091802 • പുസ്തകസരസ്സ്, പ്രസ് ക്ലബ്ബിന് എതിർവശം, കുന്നമ്മൽ, മഞ്ചേരി റോഡ്, മലപ്പുറം - 676505 ☎ 6282527443 • പഗോഡ ബുക്ആർട്ട്, കാഞ്ഞിരമറ്റം ബൈപ്പാസ് റോഡ്, ആക്സിസ് ബാങ്കിന് സമീപം, തൊടുപുഴ ☎ 9495495360 • ഫാക്ട് ആന്റ് ഫിക്ഷൻ, മാറ്റൂർ ജംഗ്ഷൻ, കാലടി പിഒ ☎ 7592858969 • ദർശനം ബുക്സ്, ധനുവച്ചപുരം ☎ 9446967575 • റാഷണൽ ബുക്മാർക്കറ്റ്, പട്ടത്താനം, കൊല്ലം ☎ 9074627416 • സ്കൂൾ മാർട്ട്, ഹൈസ്കൂൾ ജംഗ്ഷൻ, പറക്കോട്, പത്തനംതിട്ട

## അംഗീകൃത ഏജന്റുമാർ

തിരുവനന്തപുരം: ശിവൻ, പത്രമാസിക ഏജന്റ് ☎ 9447262761 • കരുനാഗപ്പള്ളി: തൊടിയൂർ രാധാകൃഷ്ണൻ ☎ 9847015212 • ആലപ്പുഴ: സലിം ഡി ☎ 9496017648, ഷാജി ☎ 9349758047 • ഇടുക്കി: പി പി സുനിൽ അടിമാലി ☎ 9446800706 • തൃശ്ശൂർ: മൊയ്നുദീൻ ☎ 9526486313 ഷെരീഫ് ☎ 7510710703 • പാലക്കാട്: ശശി ☎ 9495502434, കൃഷ്ണകുമാർ ☎ 9447623191 ലളിത ☎ 9656197748 പ്രസാദ് ഒറ്റപ്പാലം ☎ 9567223207 • കോഴിക്കോട്: ശ്രീനിവാസൻ ☎ 9447390280 സജീവൻ മാണിക്കോത്ത് • 9388545700 വാസുദേവൻ ☎ 8086267793 മോഹൻദാസ് ബി വി ☎ 9745489903 നിതിൻമൂടാടി ☎ 9745201535 രവീന്ദ്രൻ ടി എം ☎ 9388960073, നൗഷാദ് • കണ്ണൂർ: രാജേഷ് കെ വി, കണ്ണൂർ ഠൗൺ • 9895025920 സതീഷ്, ബാംഗ്ലൂർ ☎ 9448212262 എബിഫ്രാൻസിസ് ☎ 9633288802

Availableonline: www.chinthapublishers.com l www.pusthakakada.com
www.indulekha.com l www.sparrowbooks.in l www.keralabookstore.com

കേരള ബുക്മാർക്കറ്റിങ് സൊസൈറ്റിയുടെ എല്ലാ പുസ്തകശാഖകളിലും, സി ഐ സി സി ബുക്ക്ഹൗസിലും, ഡിസി ബുക്സിലും മാതൃഭൂമി ബുക്സിലും ചിന്ത പബ്ലിഷേഴ്സിന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്

ചിന്ത പബ്ലിഷേഴ്സ്
എ കെ ജി സെന്ററിനു സമീപം, വിവേകാനന്ദ നഗർ, കുന്നുകുഴി റോഡ്, വഞ്ചിയൂർ പി ഒ, തിരുവനന്തപുരം - 695035
(p) 0471 2303026 (e) chinthapublishers@gmail.com (w) www.chinthapublishers.com

കേരള സർക്കാർ

ഒരു നറുക്കെടുപ്പിൽ 5

കോടിപതികളെ സൃഷ്ടിക്കുന്നു

# ഭാഗ്യമിത്ര

## പ്രതിമാസ ഭാഗ്യക്കുറി

ഒന്നാം സമ്മാനം
₹ 5 കോടി
1 കോടി
5 വീതം പേർക്ക്

രണ്ടാം സമ്മാനം
₹10 ലക്ഷം
COMMON TO ALL SERIES

മൂന്നാം സമ്മാനം
₹16 ലക്ഷം
2 ലക്ഷം വീതം
8 പേർക്ക്

കൂടാതെ
5000,2000
1000,500,300
രൂപയുടെ നിരവധി
സമ്മാനങ്ങൾ

ടിക്കറ്റ് വില
₹100
(FV78.13+28%GST)

നറുക്കെടുപ്പ്
എല്ലാ മാസവും
ആദ്യ ഞായറാഴ്ച

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം, സുതാര്യം, ജനകീയം

JANUARY - 2023
Date of Publishing: 20/01/2023
Price Rs.10.00

**CHINTHA PUSTHAKAVARTHA**
MONTHLY

RN 71185 / 98
Regd. No:
KL / TV(N) / 553 / 2019-21




**Edited, Printed and Published by M A Baby for Chintha Publishers, Near AKG Centre, Vivekananda Nagar, Vanchiyoor P.O, Thiruvananthapuram - 695 035 at Akshara Offset, TVPM**